ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക
ഏപ്രിൽ - ജൂൺ 2012




# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും**

**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**

**എഡിറ്റോറിയൽ**

7 **ജീവൻ നൽകുന്ന പരിശുദ്ധാത്മാവ്** ത്രിത്വത്തിൽ ഒന്നായിരിക്കുന്നതും നമ്മിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ പരിശുദ്ധാത്മാവിനെക്കുറിച്ച് വൈദിക സെമിനാരി മുൻ പ്രിൻസിപ്പലും മികച്ച ദൈവ ശാസ്ത്രജ്ഞനുമായ റവ. ഡോ. കെ. വി. മാത്യുവിന്റെ പഠനം.

10 **രക്ഷകർത്താക്കളും പാഠം പഠിക്കണം**
അദ്ധ്യയനവും അദ്ധ്യാപനവും ഘടന മാറിവരുമ്പോൾ രക്ഷകർത്താക്കളുടെ മനസ്സിലാക്കലുകൾക്കും മാറ്റം വരേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു ശ്രീ. കെ. ജി. എബ്രഹാം, പുനലൂർ

12 **ശിഷ്ടമുള്ള ജീവിതം വിശിഷ്ടമാക്കുക...**
ആകുലതകളുടെ ഗന്നസരേത്ത് തീരത്തെ ക്രിസ്തു സാന്നിദ്ധ്യം ശിഷ്യരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന സുന്ദര ചിത്രത്തിലൂടെ വർത്തമാനകാല വ്യഥകളിലേക്കും നിലയ്ക്കാത്ത പ്രത്യാശയിലേക്കും നമ്മെ നയിക്കുകയാണ് റവ. പി. ജെ. തോമസ്.

15 **ടീനേജ് അറിഞ്ഞതും അറിയാതെ പോയതും.**
ടീനേജ്-ഒരു വിഷമ കാലമാണ് മാതാപിതാക്കൾക്കും മക്കൾക്കും. അവയെ ആഘോഷമാക്കാനുള്ള വഴികൾ നിർദ്ദേശിക്കുകയാണ് ക്ലിനിക്കൽ & ഫാമിലി കൗൺസിലറായ റവ: ഡോ. ഡാനിയൽ മാമ്മൻ

19 **മിഷൻ ഫീൽഡ് അനുഭവങ്ങൾ....**
ജീവിതം സുവിശേഷമായി മാറുകയും ജീവിതസ്വപ്നങ്ങളെ ക്രിസ്തുവിനായി രൂപാന്തരപ്പെടുത്തുകയും ചെയ്ത, അങ്കോല ക്രിസ്തമിത്ര ആശ്രമം ആചാര്യ റവ. ഡോ. കെ. എം. സാമുവേലിന്റെ അനുഭവങ്ങൾ

22 **ക്രിസ്തീയതയിലെ ബദൽ മാതൃകകൾ**
കല്ലിനെ അപ്പമാക്കാനുള്ള വെല്ലുവിളികളെ മറികടന്ന് സ്വയം അപ്പമായി തീരുന്ന ക്രിസ്തുശൈലി ഉയർത്തുന്ന വെല്ലുവിളികൾ അവതരിപ്പിക്കുന്നു റവ. ഷോജി വർഗ്ഗീസ്, അടൂർ

26 **മൂറോൻ കൂദാശ**
റൈറ്റ്. റവ.ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ അടിസ്ഥാന വിശ്വാസ പഠനം

*Kids' Corner*....................................**28**

വാർത്തകൾ.......................................**30**

അയാമിൻ യൂ.....................................**32**

**ചീഫ് എഡിറ്റർ**
വെരി.റവ. ഡോ. പി.പി. ഏബ്രഹാം

**എഡിറ്റർ**
റവ. ഷോജി വർഗ്ഗീസ്

**മാനേജർ**
റവ. സിബു പള്ളിച്ചിറ

**കൺവീനർ**
ശ്രീ. ജിനു. പി. മാത്യു

**കമ്മിറ്റി അംഗങ്ങൾ**
റവ. അലക്സാണ്ടർ തോമസ്
ശ്രീ. ജേക്കബ് ജോർജ്ജ്

**വിലാസം :**
**എഡിറ്റർ,**
**ഹെർമ്മോൻ ദൂതൻ,**
**ഹെർമ്മോൻ, അടൂർ– 691523**
Ph : 04734 228240
hermondoothan@gmail.com
hermondoothan@adoordiocese.org
www.adoordiocese.org

വാർഷിക വരിസംഖ്യ - ₹ 60
ദ്വൈവാർഷികം - ₹ 100

# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും...



**വി**ശുദ്ധ ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവാം ദൈവം നമ്മുടെ ദൃഷ്ടിക്ക് അഗോചരമാകുന്നു. എന്നാൽ അവിടുത്തെ ദിവ്യമായ സാന്നിധ്യവും പ്രചോദനവും നമ്മെ ജീവസത്തയുള്ളവരാക്കുന്നു. പാഴും ശൂന്യവുമായ അവസ്ഥയിൽ നിന്നും ലോകത്തെ നിർമ്മിച്ചതും എല്ലാ സൃഷ്ടിയേയും ഉണ്മയിലേക്ക് വരുത്തിയതും ദൈവീക ഊത്തിനാൽ എല്ലാറ്റിനും ചൈതന്യം നല്കിയതും പരിശുദ്ധാത്മാവാം ദൈവമത്രേ. അന്തരീക്ഷത്തിൽ വായു നമുക്ക് അഗോചരമെങ്കിലും നമുക്ക് അനുഭവവേദ്യമായിരിക്കുന്നതുപോലെ പരിശുദ്ധാത്മപ്രവർത്തനം സത്യവും യാഥാർത്ഥ്യവുമായി നമുക്ക് മുമ്പിൽ പ്രവർത്തിക്കുന്നു. സ്രഷ്ടാവായ പിതാവിനോടും രക്ഷകനായ യേശുവിനോടും വീണ്ടെടുപ്പുകാരനായ പരിശുദ്ധ റൂഹായോടും കൂടെ ചേർന്നതായ ഈ ദൈവീക രഹസ്യം സഭയ്ക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. 'റൂഹാ' എന്ന സുറിയാനി വാക്കിന് 'കാറ്റ്' എന്നാണ് അർത്ഥം. ആദാമിന്റെ മൂക്കിൽ ഊതിയ ഈ ജീവശ്വാസമാണ് നമ്മെ എല്ലാവരേയും ജീവനുള്ള ദേഹിയാക്കിതീർത്തിരിക്കുന്നത്.

പരിശുദ്ധാത്മാവ് ശക്തിയാണ് എന്ന ചിന്ത നിലവിലുണ്ട്. പരിശുദ്ധാത്മാവ് ശക്തി തരുന്നു എന്നത് വാസ്തവമാണ്. എന്നാൽ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെന്ന് അപ്പോസ്തലൻ പഠിപ്പിക്കുന്നത്. വിവിധ വരങ്ങൾ നമുക്ക് നല്കുന്നത് പരിശുദ്ധാത്മാവാണ്. അതിലേറ്റവും മികച്ച വരം സ്നേഹിക്കുക എന്നതാണ്. നിർവ്യാജമായ സ്നേഹം, പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠമായ വരമാണ്. പരിശുദ്ധാത്മാവ് ഫലവും പുറപ്പെടുവിക്കുന്നു. ഒരു ഫലത്തിൽ 9 കൂട്ടം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു (ഗലാ. 5:22-23). ഒരു ഫലത്തിനുള്ളിൽ 9 കൂട്ടം ജീവകങ്ങൾ അടങ്ങിയിരിക്കുന്നതുപോലെ.

പരിശുദ്ധാത്മാവിലൂടെയാണ് നാം ദൈവ ഉണ്മതിരിച്ചറിയുന്നത്. യേശു ആരാകുന്നുവെന്നും യേശു കർത്താവാകുന്നുവെന്നും പിതാവാം ദൈവം ആരാകുന്നുവെന്നും ഈ ദിവ്യാത്മാവ് നമ്മെ പഠിപ്പിക്കുന്നു. പിതാവ്-പുത്രൻ - പരിശുദ്ധാത്മാവ് എന്ന ത്രയം ഏറ്റവും വിശുദ്ധമാകുന്നു. അവർ ഒന്നായി, ഒരു കൂട്ടായ്മയായി പ്രവർത്തിക്കുന്നു. പിതാവിനോടൊപ്പം പുത്രനും പരിശുദ്ധാത്മാവും, പുത്രനോടൊപ്പം പിതാവും പരിശുദ്ധാത്മാവും, പരിശുദ്ധാത്മാവിനോടൊപ്പം പിതാവും പുത്രനും ചേർന്നു പ്രവർത്തിക്കുന്നു. ഇത് അത്ഭുതകരമായ ഒരു കൂട്ടായ്മാ ബന്ധമാണ്. പരിശുദ്ധാത്മാവിനാൽ ക്രിസ്തു ശരീരത്തിലേക്ക് വിശുദ്ധ സ്നാനം മൂലം കൂട്ടിചേർക്കപ്പെടുന്നവരായ എല്ലാവരും ഈ കൂട്ടായ്മാ ബന്ധത്തിൽ ചേർക്കപ്പെടുകയാണ്. അത് നിത്യതവരെ പോകുന്ന ആത്മ ബന്ധമാണ്.

യെഹസ്ക്കേൽ പ്രവചനത്തിലെ ഉണങ്ങിയ അസ്ഥികൾ കാറ്റിനാൽ ഉദ്ദീപിപ്പിക്കപ്പെട്ട് ജീവനുള്ള ദേഹികളായി തീർന്നതുപോലെ പരിശുദ്ധാത്മാവ് നമ്മെ എപ്പോഴും ജീവനും ചൈതന്യവും ഉള്ളവരാക്കി തീർക്കുന്നു. സ്നാനംമൂലം ക്രിസ്തുശരീരത്തോട് ചേർക്കപ്പെട്ട എല്ലാവർക്കും ദൈവം തന്റെ ആത്മാവിനെ പങ്കുവെക്കുന്നു. ഈ ജീവൻ നമ്മിലുള്ളതിനാൽ നമ്മുടെ മർത്യശ

രീരങ്ങളെയും മരണത്തിന്റെ ചെളിക്കുഴിയിൽ നിന്നും ഉയർത്തുവാൻ ഈ ആത്മാവ് നമ്മെ സഹായിക്കുന്നു.

അനുഗ്രഹകരമായ ഒരു ഭദ്രാസന കൺവൻഷൻ നടത്തുവാൻ ദൈവം നമ്മെ തുണച്ചു. അതിൽ പങ്കുകാരായവരെയും സഹായിച്ചവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. പുനലൂർ, കലയപുരം, ഇടത്തറ തുടങ്ങിയ സെന്റർ കൺവൻഷനുകളിലൊക്കെ വലിയ ദൈവാനുഗ്രഹം നാം അനുഭവിച്ചു. മാരാമൺ മഹായോഗത്തിന്റെ 117-ാം സമ്മേളനവും അനുഗ്രഹീതമായി നടക്കുവാൻ ദൈവം സഹായിച്ചു.

നാം ഒരു നോമ്പുകാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. കർത്താവിന്റെ പീഡാനുഭവവും മരണവും ഉയിർത്തെഴുന്നേൽപ്പും നമുക്ക് ഒരു രഹസ്യമായി അവശേഷിച്ചിരിക്കുന്നു. രഹസ്യമെന്നാൽ നമ്മുടെ ബുദ്ധിക്ക് അതീതമെന്ന് സാരം. ഓരോ വർഷത്തെ അതിന്റെ ആചരണവും അനുഷ്ഠാനവും മൂലം ഈ ദൈവീക മർമ്മങ്ങൾ ദൈവം നമുക്ക് വെളിവാക്കി തരുന്നു. ക്രൂശിന്റെ മർമ്മം ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവാം ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ സഭയിലെ വൈദീകരുടെ അകാല വേർപാട് നമ്മെ എല്ലാവരെയു ദുഃഖത്തിലാഴ്ത്തുന്നു. റവ. എം.വി. ജോർജ്ജ്, റവ. കെ.പി. അലക്സാണ്ടർ എന്നിവർ അക്കൂട്ടത്തിൽപെടുന്നു. ബഹുമാന്യരായ പി.ഡി. മാമ്മനച്ചനും, വി.കെ. ജോണച്ചനും നല്ല ശുശ്രൂഷ സഭയിൽ നിർവ്വഹിച്ച് കടന്നുപോയി. ഈ പ്രീയപ്പെട്ട അച്ചന്മാരുടെ ദേഹവിയോഗത്തിൽ ഈ ഭദ്രാസനത്തിനുള്ള അനുശോചനം അറിയിക്കുന്നു.

ഏപ്രിൽ 26 -ാം തീയതി അത്താനാസിയോസ് തിരുമേനിയുടെയും പിറന്നാളാണ്. ഏപ്രിൽ 27-ാം തീയതി വലിയ തിരുമേനി 95-ാം വയസ്സിലേക്ക് പ്രവേശിക്കുന്നു. മെയ് 10-ാം തീയതി തീത്തോസ് തിരുമേനിയും മെയ് 20-ാം തീയതി സ്തേഫാനോസ് തിരുമേനിയും പിറന്നാൾ ആഘോഷിക്കുന്നു. ജൂൺ 27-ാം തീയതി മെത്രാപ്പോലീത്താ തിരുമേനിയുടെ പിറന്നാളാണ്. പിതാക്കന്മാർക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ഫെബ്രുവരി മാസത്തിലാണ് നമ്മുടെ പുതിയ കൈസ്ഥാന സമിതി തിരഞ്ഞെടുപ്പ് നടക്കേണ്ടത്. തക്കതായ ആളുകളെ തെരഞ്ഞെടുക്കാൻ ഏവരും ശ്രദ്ധിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പിനോട് ചേർന്ന് തന്നെ, പുതിയ ട്രസ്റ്റികൾക്ക് ചുമതല ഏൽപ്പിക്കത്തക്കവിധം ബാങ്കിലേക്ക് സമർപ്പിക്കുവാനുള്ള പ്രമേയങ്ങളും പാസാക്കിയിരിക്കണം. അപ്പോൾ കാലവിളമ്പമെന്യേ വാർഷിക പൊതുയോഗത്തിനു മുമ്പ് പുതിയ ട്രസ്റ്റിമാർക്ക് ചുമതലയേൽക്കാവുന്നതാണ്. മെയ് മാസത്തിൽ തന്നെ വാർഷിക പൊതുയോഗം നടത്തുന്നതിന് അച്ചന്മാരും ചുമതലക്കാരും ഉത്സാഹിക്കണം.

നമ്മുടെ ഭദ്രാസനത്തിലെ ബഹുമാന്യരായ പി.എം. എബ്രഹാം, സി.ജെ. തോമസ്, തോമസ് പി. ജോർജ്ജ്, വൈ. മത്തായി എന്നീ വൈദീകർ ദീർഘ നാളത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം ഔദ്യോഗിക ശുശ്രൂഷാ രംഗത്തുനിന്നും വിരമിക്കുകയാണ്. ഈ ബഹുമാന്യ വൈദീകരോടും, കുടുബങ്ങളോടുമുള്ള സഭയ്ക്കുള്ള സ്നേഹവും സന്തോഷവും അറിയിക്കുന്നു. ഈ വർഷം ഈ ഭദ്രാസനത്തിൽ നിന്നും 8 അച്ചന്മാർ മറ്റു ഭദ്രാസനത്തിലേക്ക് യാത്രയാവുകയാണ്. അവരുടെ എല്ലാ ശുശ്രൂഷകൾക്കും നന്ദി അറിയിക്കുന്നു. ഈ ഭദ്രാസനത്തിലേക്ക് പുതുതായി വരുന്ന വൈദീകരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

ജൂൺ മാസത്തിൽ നമ്മുടെ കുട്ടികൾ വിദ്യാലയ വർഷത്തിലേക്ക് ചേർക്കപ്പെടുകയാണല്ലോ. സർവ്വ ജ്ഞാനത്തിന്റെയും ഉറവിടമായ കർത്താവിൽ ആശ്രയിച്ചും വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിദ്യാഭ്യാസം തുടരുക.

ഏവർക്കും സന്തോഷം നിറഞ്ഞ ഈസ്റ്റർ ആശംസകൾ.

കർത്താവ് അനുഗ്രഹിക്കട്ടെ.

അടൂർ,

05.03.2012

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ.**

## ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

**ഭദ്രാസന കൺവൻഷൻ** : അടൂർ ഭദ്രാസന കൺവൻഷൻ 2012 ജനുവരി 4 ബുധൻ മുതൽ 8 ഞായർ വരെ അടൂർ ഈശോ മാർ തിമോഥെയോസ് കൺവൻഷൻ നഗറിൽ വച്ച് അനുഗ്രഹ കരമായി നടന്നു. ഭദ്രാസന എപ്പിസ്കോപ്പാ തിരുമേനിയുടെ പ്രാർത്ഥനാ പൂർവ്വമായ നേതൃത്വം കൺവൻഷന്റെ വിജയകരമായ നടത്തിപ്പിന് കാരണമായി. കൺവൻഷൻ ജനറൽ കൺവീനർ റവ. തോമസ് വർഗ്ഗീസ്, ഭദ്രാസന ട്രഷറർ ശ്രീ ജേക്കബ് ജോർജ്ജ്, കൺവൻഷൻ ട്രഷറർ ശ്രീ. ജോൺ ഫിലിപ്പോസ്, ബിഷപ്പ് സെക്രട്ടറി റവ. സിബു പള്ളിച്ചിറ, ബഹു. അച്ചന്മാർ, പ്രിയസുവി ശേഷകർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയവർ, ഭദ്രാസന/അരമന ആഫീസ് പ്രവർത്തകർ എന്നിവരോടും ഉള്ള നന്ദി അറിയിക്കുന്നു. അഭി വന്ദ്യ ഡോ. ഫീലിപ്പോസ് മാർക്രിസോസ്റ്റം വലിയമെത്രാപ്പൊലീത്താ, അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, വെരി. റവ. ഡോ. ഡി. ഫിലിപ്പ്, ഡോ. പി. പി. ജോബ്, ഡോ. ജോർജ്ജ് മാത്യൂ, ശ്രീ. പി. യു തങ്കച്ചൻ എന്നിവരുടെ നേതൃത്വം അനുഗ്രഹപ്രദമായിരുന്നു. ഭദ്രാസനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ജനങ്ങൾ ധാരാളമായി ചേർന്ന് വന്ന് യോഗങ്ങളിൽ സംബന്ധിച്ച് അനുഗ്രഹീതരായി.

**ഭദ്രാസന വൈദിക സമ്മേളനം** : ഈ ഭദ്രാസനത്തിലെ വൈദികരുടെ സമ്മേളനം 2012 ഫെബ്രുവരി 23 മുതൽ 25 വരെ ആലുവാ ശാന്തിഗിരി ആശ്രമത്തിൽ വച്ച് നടന്നു. ഭദ്രാസന എപ്പിസ്ക്കോപ്പാതിരുമേനി, ബിഷപ്പ് മാലൂസി പുംവാന, റവ. സണ്ണി ഇ. മാത്യു, റവ. സാം ടി. കോശി, റവ. ഷിബി വർഗ്ഗീസ്, റവ. ഈപ്പൻ വർഗ്ഗീസ്, റവ. വിനോയ് ദാനിയേൽ എന്നിവർ നേതൃത്വം നൽകി. വി. യാക്കോബിന്റെ തക്സ അധികരിച്ചുള്ള പഠനങ്ങളും ബൈബിൾ ക്ലാസ്സു കളും ഏറ്റവും അനുഗ്രഹമായിരുന്നു.

**ഭദ്രാസനസ്റ്റാൾ-മാരാമൺ** : ഈ വർഷവും മാരാമൺ കൺവൻഷൻ സമയത്ത് ഭദ്രാസന ത്തിന്റെ വകയായ സ്റ്റാൾ പ്രവർത്തിച്ചു. ഭദ്രാസനത്തിന്റെ സുവിശേഷ വേലയെക്കുറിച്ചും, ആശാ ഭവൻ, ജ്യോതിസ്, ബാലികാഭവൻ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും അനേ കർക്ക് കൂടുതൽ അറിയാൻ ഇടയായി. സ്റ്റാളിൽ ഭദ്രാസന ഓഫീസ് സേവനവും ലഭ്യമാക്കാനാ യി. സ്റ്റാൾ സന്ദർശിക്കുകയും സഹകരിക്കുകയും ചെയ്ത ഏവരോടും നന്ദി അറിയിക്കുന്നു.

**മാർത്തോമ്മാ ശാന്തിഭവനം-വവ്വാക്കാവ്** : ശ്രീസദാശിവകാരണവർ സഭയ്ക്ക് ദാനമായി നൽകിയ ഈ സ്ഥലത്ത് ഒരു വൃദ്ധസദനം ആരംഭിച്ചു. അശരണരായ പുരുഷന്മാർക്ക് ഈ സ്ഥാപനം പ്രയോജനപ്പെടുത്താം. ഈ സേവനം ആവശ്യമുള്ളവർ ചുമതലക്കാരെ ബന്ധപ്പെ ടേണ്ടതാണ്.

ഏവർക്കും ഹൃദ്യമായ ഈസ്റ്റർ ആശംസകൾ

**റവ. അലക്സാണ്ടർ തോമസ്**

## മൂന്നാം മാർത്തോമാ (1686-88)

രണ്ടാം മാർത്തോമായുടെ അകാല ചരമം കാരണം അദ്ദേഹത്തിന് തന്റെ പിൻഗാമിയെ വാഴിക്കാനായില്ല. പരദേശത്തുനിന്നും 1685-ൽ മാർ ബസേലിയോസ് മപ്രിയാനാക്കൊപ്പം എത്തിയ മാർ ഈവാനീയോസ് എന്ന ബുദ്ധിമാനും കാര്യപ്രാപ്തനും ഉത്സാഹിയുമായ മെത്രാൻ ഇവിടെ പല പരിഷ്ക്കാരങ്ങളും വരുത്തുവാൻ ശ്രമിച്ചു വന്നിരുന്ന ആ കാലത്ത് അദ്ദേഹം മൂന്നാം മാർത്തോമയെ വാഴിച്ചു. മൂന്നാം മാർത്തോമായും പകലോമറ്റം തറവാട്ടിൽ നിന്നുമുള്ള ആളായിരുന്നു. എന്നാൽ അദ്ദേഹത്തിനു വളരെ കുറച്ചു കാലം മാത്രമേ മലങ്കര സഭയുടെ നേതാവായിരിക്കാൻ കഴിഞ്ഞുള്ളൂ. 1688 ഏപ്രിൽ 21ന് അദ്ദേഹം കാലംചെയ്തു. ഇദ്ദേഹത്തെ അടൂർ, കടമ്പനാട് സെന്റ് തോമസ് പള്ളിയിൽ കബറടക്കി. അടൂർ-ചവറ റോഡ് സൈഡിലുള്ള ഈ പുരാതന ദേവാലയത്തിൽ മൂന്നാം മാർത്തോമായുടെ കബറിടം ഇപ്പോഴും ദർശിക്കാനാകും.

# ജീവനുണ്ടാക്കുന്ന ആത്മാവ്

മനുഷ്യ പുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ... നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും (യെഹ 37:3,6).

ഉണങ്ങിയ അസ്ഥികൾ ജീവിക്കുന്നത് അസാദ്ധ്യം. അവയ്ക്ക് ചലനമില്ല, ബന്ധമില്ല, പ്രവർത്തനമില്ല, പ്രതിപ്രവർത്തനവുമില്ല. തികെച്ചും നിർജ്ജീവം. അവയെ ജീവനും ചൈതന്യവും ഉള്ളതാക്കുന്നത് ദൈവം. മണ്ണു കൊണ്ട് മെനഞ്ഞ് ഉണ്ടാക്കപ്പെട്ട മനുഷ്യൻ ജീവനുള്ള ദേഹിയായി തീന്നത് അവന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോഴാണ് (ഉല്പ 2:7) ജീവൻ ദൈവത്തിന്റെ ദാനം. ദൈവത്തോടുള്ള ബന്ധത്തിലാണ് മനുഷ്യൻ പ്രവർത്തനവും പ്രതിവർത്തനവും ഉള്ളവരാകുന്നത്. അന്യപ്പെട്ടാലോ ഫലം മരണം. സഹോദരർക്ക് ബന്ധം നഷ്ടപ്പെടും, അകൽച്ചയായിരിക്കുന്ന അനുഭവം. ഒരു കാര്യം വ്യക്തം. ദൈവത്തിൽ നിന്നകലുന്നവൻ സഹോദരനോടും പ്രകൃതിയോടും... അകലും. ദൈവം ആഗ്രഹിക്കും വിധം മനുഷ്യൻ ആയിത്തീരണമെങ്കിൽ ദൈവത്തോട് നിരപ്പ് കൂടിയേ തീരൂ. പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുവിൽ നിത്യജീവൻ തന്നേ (റോമർ 6:23).

ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാന വിശ്വാസമാണ് ത്രിത്വോപദേശം. ത്രികാലാനുഭവത്തിൽ ഇത് മനസ്സിലാക്കാം. മെനഞ്ഞുണ്ടാക്കിയ ദൈവം (സൃഷ്ടാവ്), അതേ ദൈവം തന്നെയാണ് പാപത്തിൽ നിന്നും വീണ്ടെടുത്ത പുത്രനാം ദൈവം. അതേ ദൈവം തന്നെയാണ് വർത്തമാന കാലത്ത് പരിപാലിക്കുന്ന ദൈവം (പരിശുദ്ധാത്മാവ്)- ത്രീയേക ദൈവം. പരിശുദ്ധാത്മാവ് വർത്തമാനകാല ദൈവമാണ്.

ദൈവോദ്ദേശ്യ നിവൃത്തിക്ക് ഓരോരോ കാലത്തു ദൈവം തിരഞ്ഞെടുത്തവരെ അപ്പോഴപ്പോൾ തന്റെ ആത്മാവിനാൽ ശക്തീകരിക്കുന്നതായിട്ടാണ് പഴയനിയമത്തിൽ കാണുന്നത്. പ്രവാചകന്മാരെയും മറ്റും ഈ വിധം ദൈവാത്മാവ് ഉപയോഗിക്കുന്നതായി കാണാം. പരിശുദ്ധാത്മാവിനെക്കുറിച്ച് ഇതാണ് പഴയനിയമ ചിന്ത. ദൈവോദ്ദേശ്യ നിവൃത്തിക്കായി ശക്തീകരിക്കുന്ന ആത്മാവ് - The power of God for the purpose of God. (ന്യായാ: 29;1ശമു :16:13-)പ്രവാചകന്മാരല്ലാത്തവരെയും ദൈവം തന്റെ ആത്മാവിനാലാണ് ശക്തീകരിച്ചത്. ഉദാ. ബെസലേൽ-ശിൽപി (പുറ 31:1-4). പുത്രനാം ദൈവത്തിന്റെ വീണ്ടെടുപ്പിൻ പ്രവർത്തനം കാൽവറിയിൽ പൂർത്തിയാക്കപ്പെട്ടു. 'നിവൃത്തിയായി' എന്നു പറഞ്ഞാണ് യേശു തന്റെ ആത്മാവിനെ പിതാവിന്റെ കൈയിൽ ഭരമേല്പിച്ചത്. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ളത് സകലവും ക്രൂശിൽ നിറവേറ്റപ്പെട്ടിരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിനെ തുടർന്നാണ് സ്ഥലകാല പരിമിതിയില്ലാതെ 'എന്നേക്കും' കൂടെയിരിക്കുന്ന കാര്യസ്ഥനെ നല്കിയത് (യോഹ 14:16). പക്ഷവാദം ചെയ്യുന്നവൻ, സഹായി, അഡ്വക്കേറ്റ്, സ്നേഹിതൻ തുടങ്ങി വ്യാപക അർത്ഥങ്ങളുള്ള പദമാണ് 'കാര്യസ്ഥൻ'.

ഒരിക്കലായി ക്രൂശിൽ നിറവേറ്റിയ നിരപ്പിലേക്ക് (പാപമോചനം) ഇന്ന് നമ്മെ നയിക്കുന്നതും പരിശുദ്ധാത്മാവാണ്. ജീവനുണ്ടാക്കുന്ന-ജീവിപ്പിക്കുന്ന ആളത്തമാണ് പരിശുദ്ധാത്മാവ്. പന്നിക്ക് അവകാശപ്പെട്ട വാളവരക്ക് കൊതിച്ച ധൂർത്ത് പുത്രനെ അപ്പനെക്കുറിച്ചും ഭവനത്തെക്കുറിച്ചും ഓർമ്മപ്പെടുത്തി മടക്കി വരുത്തിയത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവാണ് സുബോധം നൽകുന്നത്. മകന്റെ തിരിച്ചുവരവിനായി നോക്കിപ്പാർത്തിരുന്ന അപ്പൻ അവനെ ദൂരവെ കണ്ടമാത്രയിൽ ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിച്ചു-നിരപ്പിന്റെ ചിഹ്നം. മാത്രമല്ല, പിതാവിൽ, നിന്ന് അകന്നപ്പോൾ നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടി. മടങ്ങിവന്ന മകനെക്കുറിച്ച് അപ്പന്റെ വാക്കുകൾ

കറുത്തതും വെളുത്തതുമായ രണ്ടു നായ്ക്കളുമായി വാരാന്ത്യം തോറും കടൽപ്പുറത്തു നായ്പോരു നടത്തുന്ന ഒരു മുക്കുവനെക്കുറിച്ച് കേട്ടിട്ടുണ്ട്. കാണികളും ധാരാളം കൂടും. പോരാട്ടം മുറുകുമ്പോൾ 'ഇന്ന് ഏത് നായ് ജയിക്കും' എന്ന് പറഞ്ഞ് മുക്കുവൻ കാണികളുമായി പന്തയം വെയ്ക്കും. എന്നാൽ കാണികൾ പറയുന്നതിനു വിപരീതമായി അവൻ പറയുന്ന നായ് ആയിരിക്കും ജയിക്കുക. ഇങ്ങനെ പല പ്രാവശ്യമായപ്പോൾ ഇതിന്റെ രഹസ്യമെന്തെന്നായി കാണികൾ. ഒരാഴ്ചത്തെ ഇടവേളയിൽ ഏതൊരു നായെയാണോ ഞാൻ കൂടുതൽ തീറ്റിപ്പോറ്റുന്നത് ആ നായ് ആയിരിക്കും ജയിക്കുന്നത് എന്ന് എനിക്കറിയാം. യാതൊന്നിനെ പോഷിപ്പിക്കുന്നുവോ അത് ജയിക്കും. പരിശുദ്ധാത്മാവിന് നാം പൂർണ്ണമായി വിധേയപ്പെടുത്തിയാൽ നാം മുഴുവനായും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും ഭരണത്തിലും ആയി വിജയാളികളായി മുന്നേറും. നല്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കാം. വി.സ്നാപന സമയത്തു ലഭിക്കുന്ന ദൈവത്തിന്റെ കൃപാവരം വളരുവാൻ നമുക്ക് ഇടയാകട്ടെ.

പ്രാർത്ഥന. പരിശുദ്ധാത്മാവാം ദൈവമേ, എന്നെ രൂപാന്തരപ്പെടുത്തി ഉപയോഗിക്കേണമേ (O Lord the Holy Spirit, break me, melt me, mould me and use me)

'ഇവൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു, കണ്ടുകിട്ടിയിരിക്കുന്നു' ലൂക്കോ 15:20-24; 19:10. മടങ്ങിവരവിനു പ്രേരിപ്പിക്കുക മാത്രമല്ല, നഷ്ടപ്പെട്ട പദവികളിലേക്കും വീണ്ടും പ്രവേശിപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്.

പരിശുദ്ധാത്മാവ് നമ്മുടെമേൽ വരുമ്പോൾ നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നിറവേറ്റുവാൻ നാം ശക്തീകരിക്കപ്പെടുന്നു. (അപ്പോ 1:8). പരിശുദ്ധാത്മാവിന് നാം നമ്മെത്തന്നെ വിധേയപ്പെടുത്തുകയാണ് വേണ്ടത്. സമർപ്പണമാണ് വിവക്ഷ. 'മുറ്റും സമർപ്പിക്കുന്നു' എന്നു പാട്ടുകാരൻ പറയുന്ന അനുഭവമാണു വേണ്ടത്. അതു ഒരിക്കാലായി ഉണ്ടായാൽ പോരാ; ആവർത്തിക്കപ്പെടേണ്ടതാണ്. മാനസാന്തരം, സമർപ്പണം, പുതുക്കം, നവീകരണം, പരിശുദ്ധാത്മ ദാനം... എല്ലാം ആവർത്തിക്കപ്പെടണം.

വി. പൗലോസ് തിമൊഥെയൊസിനു നല്കുന്ന ഉപദേശം ശ്രദ്ധിക്കുക - നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം (2 തിമോ 1:16). തീ ഊതി പെരുക്കുന്നതിനെകുറിക്കുന്ന പദമാണ് ജ്വലിപ്പിക്കുക എന്നുള്ളത്. ക്രിസ്തീയ ജീവിതം പോരാട്ട ജീവിതമാണ്. ജീവൻ നിലനിർത്തി ദൈവഹിതപ്രകാരം ജയാളികളായി നിലനിൽപ്പാൻ പരിശുദ്ധാത്മാവിനാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ടിരിക്കേണം.

**എഡിറ്റർ**

## പള്ളിക്കുന്നേൽ പള്ളി

മലങ്കര സഭാ നവീകരണത്തിനു ചുക്കാൻ പിടിച്ച കൈതയിൽ ഗീവർഗ്ഗീസ് മല്പാൻ കൊല്ലാട്ട് കൈതയിൽ ചാക്കോയുടെ തൃതീയ പുത്രനായിരുന്നു. നവീകരണ ശ്രമത്തിനു തുടക്കം കുറിച്ച് രക്തസാക്ഷിയായ കൈതയിൽ കോശി കത്തനാർ ആറാമത്തെ മകനും, അഞ്ചാമത്തെ പുത്രനായിരുന്നു കൊച്ചോമ്മൻ. അദ്ദേഹവും ഗീവർഗ്ഗീസ് മല്പാനും ചേർന്ന് കൊല്ലാട് ആദ്യമായി ഒരു സുറിയാനിപ്പള്ളി 1839-ൽ സ്ഥാപിച്ചു. ഈ പള്ളിയിൽ വച്ചാണ് നവീകരിച്ച തക്സാ ഉപയോഗിച്ച് മല്പാൻ ആദ്യമായി കുർബ്ബാന അർപ്പിച്ചതും അപ്പ വീഞ്ഞുകൾ രണ്ടായി കൊടുത്തതും. അവിടെ മല്പാൻ പ്രാർത്ഥനാ യോഗങ്ങൾ നടത്തി. തക്സാ പരിഷ്കരണം, സഭാ നവീകരണം മുതലായവയെപ്പറ്റി ചർച്ചകൾ നടത്തി. എന്നാൽ കുടുംബാംഗമായ കൊച്ചോമ്മനു നവീകരണ ശ്രമത്തോട് അനുഭാവമില്ലാതെ 1841 കർക്കിടകം 27-ാം തീയതി ആ പള്ളി ഇംഗ്ലീഷ് മിഷനറി ഹെൻറി ബേക്കറിനു 1000 പണത്തിനു തീറെഴുതി വിറ്റു. ആ പള്ളിയാണ് ഇന്ന് പള്ളിക്കുന്നേൽ പള്ളി എന്നറിയപ്പെടുന്ന സി. എസ്. ഐ. ദൈവാലയം. പള്ളി കൈമാറിയ ശേഷം കൊച്ചോമ്മനും കുടുംബവും ചർച്ച് മിഷ്യൻ സൊസൈറ്റി ആരംഭിച്ച ആഗ്ളേയ സഭാംഗങ്ങളായി (*കൈതയിൽ പടിഞ്ഞാറെക്കൂറ്റ് കുടുംബചരിത്രം* P. 70-71)



# ജീവൻ നൽകുന്ന പരിശുദ്ധാത്മാവ്

*ത്രിത്വത്തിൽ ഒന്നായിരിക്കുന്നതും നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ പരിശുദ്ധാത്മാവിനെ മനസ്സിലാക്കാനുള്ള ശ്രമമാണിത്. വൈദികസെമിനാരി മുൻ പ്രിൻസിപ്പലും മികച്ച ദൈവശാസ്ത്രജ്ഞനുമായ* **റവ. ഡോ. കെ. വി. മാത്യുവിന്റെ** *പഠനം.*

അദൃശ്യനായ ദൈവം മനുഷ്യജീവിതത്തിലൂടെ അനുഭവവേദ്യനായി തീരുന്നു. കർമ്മതലത്തിൽ മനുഷ്യൻ സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തെതന്നെ പരാമർശിക്കുന്ന പേരാണ് പരിശുദ്ധാത്മാവ്. ബൈബിൾ വീക്ഷണത്തിൽ ദൈവത്തിന്റ ഏകത്വവും വിശുദ്ധിയും അദൃശ്യത്വവും ഈ പദം കൊണ്ട് അർത്ഥമാക്കുന്നു. ജീവൻ പ്രദാനം ചെയ്യുന്ന വായു, ശക്തിയുടെ പ്രതീകമായ കാറ്റ്-ചൈതന്യം, ചാലകശക്തി മുതലായ ദൃശ്യയാഥാർത്ഥ്യങ്ങൾ വെളിവാക്കുന്ന പദമാണ് ആത്മാവ്. നാമരൂപരഹിതനായ ദൈവത്തെ വ്യവഹാരികലോകത്തിന് മനസ്സിലാക്കുവാൻ നാം ഈ പദം ഉപയോഗിച്ചുവരുന്നു.

ഒരുകാലത്ത് പ്രകൃതിശക്തികളെ മനുഷ്യൻ ദൈവമായി വിശ്വസിച്ചിരുന്നു. അദൃശ്യനായ ദൈവത്തെ മനസ്സിലാക്കുവാൻ മതിയായ പദങ്ങളൊന്നും തന്നെ ഭാഷണം നമുക്ക് നല്കുന്നില്ല. നാം ഉപയോഗിക്കുന്ന പദങ്ങൾക്ക് പരിമിതികൾ ഉണ്ട് അവയെല്ലാം സൂചിതങ്ങൾ എന്ന് കരുതിയാൽ മതി. അതുകൊണ്ട് അവ ദൈവമാണെന്ന് അർത്ഥമില്ല. ദൈവം വിശുദ്ധനായതിനാൽ ദൈവാത്മാവും വിശുദ്ധമാണ്, അഥവാ ദൈവം പരിശുത്മാവാണ്. വേദപുസ്തകത്തിന്റെ ആദ്യഭാഗമായ പഴയനിയമത്തിൽ മൂന്നുപ്രാവശ്യം മാത്രമേ പരിശുദ്ധാത്മാവ് എന്ന പ്രയോഗം കാണുന്നുള്ളു. 'ദൈവത്തിന്റെ ആത്മാവ്' എന്നാണ് സാധാരണ ഉപയോഗത്തിലുള്ളത്. (ഉല്പ 1:2) 'യഹോവയുടെ ആത്മാവ്' (മീഖ 3:8) 'പരിശുദ്ധനായവൻ' (യെശ 40:25) 'എന്റെ ആത്മാവ്' (യെശ 42:1)എന്ന പ്രയോഗവും ഉണ്ട്. യാഹ്‌വെയുടെ വിവേകവും ജ്ഞാനവും ആലോചനയും ബലവും പരിജ്ഞാനവും ഭക്തിയും നേതൃസ്ഥാനത്തിന് വേണ്ടതൊക്കെയും നല്കുന്നു. (യെശ 11:2) ശില്പികൾ, എൻജിനിയേഴ്സ്, വിജ്ഞാനികൾ തുടങ്ങിയവർക്കാവശ്യമായ ബുദ്ധിയും സാമർത്ഥ്യവും പ്രദാനം ചെയ്യുന്നതും ദൈവാത്മാവ് തന്നെ (പുറ 30:35). അസാധാരണമായ സിദ്ധികൾക്ക് ഉറവിടം പരിശുദ്ധാത്മാവ് എന്ന് വി.പൗലോസ് രേഖപ്പെടുത്തുന്നു. (1 കൊരി 10-14)

ചുരുക്കത്തിൽ ദൈവ സാദൃശ്യത്തിനനുരൂപമായി ആശ്രയജീവിതം നയിക്കണമെങ്കിൽ ദൈവാത്മാവ് നമുക്ക് നൽകുന്ന സാധ്യകൾക്ക് പരിമിതി നിർണ്ണയിക്കാനാവില്ല. 'വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം'-ഏശയ്യാ പ്രവാചകൻ പറയുന്നു. (30:15)

പരിശുദ്ധാത്മാവിന്റെ കർമ്മസരണി വിശാലവും പ്രവചനാതീതവുമാണ്. കാറ്റ് ഇഷ്ടമുള്ളിടത്തേക്കു വീശുന്നതുപോലെയാണത്. നാം പ്രതീക്ഷിക്കാത്ത ഇടങ്ങളിലും വിധത്തിലും ആളുകളിലും, ദൈവാത്മാവ് വ്യാപിച്ചിരിക്കുന്നു. ദൈവപ്രവർത്തനത്തിന്റെ മറുപേരാണ് പരിശുദ്ധാത്മപ്രവർത്തനം. ദൈവത്തിനും ദൈവാത്മാവിനും മതമില്ല പ്രപഞ്ചപ്രതിഭാസങ്ങളും അതിൽ നിവസിക്കു

ന്ന മനുഷ്യരുമാണ് അവിടുത്തെ കർമസരണി യുടെ മാധ്യമങ്ങൾ (അ. പ്ര. 10:15) ദൈവം അവയിലൂടെ, അവരിലൂടെ അവിടുത്തെ സജീവസാന്നിദ്ധ്യം വെളിപ്പെടുത്തുന്നു. ദൈവാത്മവ്യാപാരം ഗ്രഹിക്കുന്നവർ അത് മനസ്സിലാക്കുന്നു.

മുഖ്യമായും ദൈവാത്മപ്രേരണ തിരിച്ചറിഞ്ഞ പ്രവാചകൻമാർ ദൈവഹിതം സമകാലിക സമൂഹത്തോട് വിളിച്ചുപറഞ്ഞു. അതിന്റെ സാക്ഷ്യരേഖകളാണ് പ്രവചന ഗ്രന്ഥ ങ്ങൾ. മോശയും അബ്രഹാമും പ്രവാചക ഗണത്തിലായിരുന്നുവെന്ന് ഇസ്രായേൽ ജനം വിശ്വസിച്ചിരുന്നു. ഇബ്രാഹീം, മൂശെ, ദാവൂദ് , സുലൈമാൻ എന്നിങ്ങനെ ആദം, നോഹ മുതൽ അനേകരെ ഇസ്ലാമുകൾപ്രവാചകൻ മാരായി അംഗീകരിക്കുന്നു. 'ഇസ്രായേൽ ജനം മുഴുവൻ പ്രവാചകൻമാരായി ദൈവാത്മാവി നാൽ അഭിഷേകം ചെയ്തവരായിരുന്നെങ്കിൽ' -മോശ അഭിലഷിക്കുന്നു. സകലജഡത്തിലും ദൈവാ ത്മാവിനെ പകരുന്ന ദർശനമാണ് യോവേൽ കാണുന്നത്(2:28-29). ക്രിസ്തീയസ ഭയുടെ ആദ്യഘട്ടത്തിൽ വിശ്വാസസമൂഹം ആ പ്രവചന നിവൃത്തിയെന്നപോലെ ആത്മാഭിഷേ കം പ്രാപിക്കുകയും ചെയ്തു (അപ്പോ. 2 :17 -21). ഈ തിരുവചന സാധ്യതയിലുള്ള സഭയുടെ വിശ്വാസത്താൽ സ്നാപനസമയത്ത് സ്നാനാർത്ഥിക്കും ആത്മവ്യാപാരം ഉണ്ടാകു ന്നതിനായ് സഭ പ്രാർത്ഥിക്കുന്നു. ഇതര കൂദാശാനുഷ്ഠങ്ങളിലും ആരാധനയിലു മെല്ലാം പരിശുദ്ധാത്മവ്യാപാരം വിശ്വാസികളി ൽ വർദ്ധമാനമാകുവാൻ നാം പ്രാർത്ഥിക്കുന്നു (2 തിമോ. 1:6) ഒരിക്കലായി ലഭിക്കുന്ന ആത്മാ വിന്റെ ശക്തി നമ്മിൽ കുറയാതിരിക്കുന്നതിന് നാം നിരന്തരം ബോധപൂർവ്വം അതിനെ ജ്വലി പ്പിച്ചുകൊണ്ടിരിക്കണം. മനപൂർവ്വമായി ഹൃദയം തുറന്ന് ദൈവാഭിമുഖ്യത്തിൽ ജീവിക്കേണ്ടത് ആത്മാവിന്റെ നിറവിനും നടത്തിപ്പിനും അനിവാര്യം.

യേശുക്രിസ്തുവിൽ വ്യാപരിച്ചിരു ന്നതും ഈ പരിശുദ്ധാത്മാവ് തന്നെ ( മാർക്കോ സ്10, മത്താ. 4:1, അ. പ്ര. 10:38) ദൈവാത്മാവി



ന്റെ ആവാസം യേശുവിൽ ആരംഭിച്ചത് എപ്പോഴാണ് എന്ന് പല സാക്ഷ്യങ്ങൾ പുതിയനിയമത്തിൽ നാം വായിക്കുന്നു. ജനനത്തിൽ, (മത്തായി 1:20, ലൂക്കോ 1:35) സ്നാപനസമയത്ത്, (മാർക്കോ 1:10, യോഹ ന്നാൻ 1 : 32-33) ഉയിർത്തെഴുനേൽപിലൂടെ (റോമ 1:5). സർവ്വദാ ദൈവശക്തിയേശുവിൽ വ്യാപരിച്ചിരുന്നുവെന്ന് സഹസഞ്ചാരികളായ ശിഷ്യൻമാർ ഗ്രഹിച്ചിരുന്നു. ശിഷ്യഗണത്തിനും അതേആത്മാവിനെ പകരുകയും ചെയ്തു. (യോഹ. 20:22, അ. പ്ര. 2:4).

ദൈവപുത്രനായ യേശുക്രിസ്തുവിനെ ത്രിത്വത്തിൽ ഒരുവനായി സഭവിശ്വസിച്ച് പ്രഖ്യാപിക്കുവാൻ ഇടയാക്കിയത് ദൈവാത്മാ വിന്റെ വ്യാപാരം പുത്രനിൽ സദാവർത്തി ച്ചിരിക്കുന്നതിനാലായിരുന്നു. പുത്രനിലൂടെ പിതാവിന്റെ ആത്മാവ് കർമ്മനിരതനായിരു ന്നതിനാൽ യേശുവിന്റെ ജീവിതമാനം പിതാവിനെ വെളിപ്പെടുന്നതായി പരിഗണിക്ക പ്പെട്ടു. (യോഹ 17:26) ലോകത്തിനുമുമ്പിൽ വിശ്വാസസമൂഹം യേശുക്രിസ്തുവിലൂടെ ദൈവത്തെ വെളിപ്പെടുത്തുന്നതും യേശുവിൽ വ്യാപരിച്ച ആത്മാവിലൂടെയത്രേ (യോഹ 15:26 -27) പിതാവും പുത്രനും മഹത്വപ്പെടുന്നത് ആത്മാവിന്റെ പ്രവർത്തനഫലമായുമാണ് (യോഹ 14:26, 16:14-15)

ചരിത്രത്തിൽ പരിമിതനായിരുന്ന യേശുവിന്റെ പുനരുത്ഥാനത്തിലൂടെ യേശുവിൽ വെളിപ്പെട്ടിരുന്ന ദൈവാത്മാവിന്റെ പ്രവർത്തനം

തന്റെ ശരീരമാകുന്ന വിശ്വാസസമൂഹത്തിനും പ്രാപ്തമായിതീർന്നു. ഇന്ന് ആത്മപ്രേരിതമായി ക്രിസ്തുവിനും, അവിടുന്ന് പ്രഖ്യാപിച്ച ദൈവഭരണവ്യവസ്ഥിതിക്കും സാക്ഷ്യം വഹിക്കുന്ന വിശ്വാസ സമൂഹത്തിലാണ് ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ചൈതന്യം യാഥാർത്ഥ്യമാകുന്നത്. അഥവാ പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ദൃശ്യാവിഷ്കാരമായി തുടങ്ങിയ ഇടമാണ് സഭ.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനയിടങ്ങൾ വിശ്വാസ സമൂഹദൃഷ്ടിയിൽ പരിമിതപ്പെട്ടിരിക്കുന്നു. ഒന്ന്, ആത്മാവിന്റെ ഫലങ്ങൾ കാണുന്ന വ്യക്തിയിലും (ഗലാ 5:22) രണ്ട്, ആത്മവരങ്ങൾ വ്യാപരിക്കുന്ന വിശ്വാസികളിലും (1കൊരി.12-14). ഫലത്തേക്കാൾ ഉപരിയായി വരങ്ങൾ ആഗ്രഹിക്കുന്നവരാണ് വിശ്വാസികളിൽ അനേകരും. അവിടെയും ആത്മാവില്ലാത്തവരെപോലെ ശ്രേഷ്ഠവരം തങ്ങൾക്കാണെന്ന ഭാവം പുലർത്തുന്നവർ ധാരാളം. ഇതെല്ലാം ത്രീത്വത്തിൽ ഒന്നായ പരിശുദ്ധാത്മാവിനെ കുറിച്ചുള്ള മിഥ്യാധാരണയിൽ നിന്നുണ്ടാകുന്ന മൂഢവിചാരങ്ങളാണ്.

പരിശുദ്ധാത്മശക്തി കൈമാറ്റ മൂല്യമുള്ള വ്യപാരവസ്തുവല്ല. ആരുടെയും വ്യക്തിഗത അവകാശവുമല്ല. ദൈവത്തെ പരമാർത്ഥമായി വിശ്വസിച്ചേറ്റുപറയുന്നവർക്ക് കൃപയാൽ ലഭ്യമാകുന്ന ദൈവീകദാനമാണത്.

പരിശുദ്ധാത്മാവരം ദൈവത്തെ മഹത്വപ്പെടുത്തുന്നതും ക്രിസ്തുയേശുവിന്റെ സഹന, സ്നേഹ ജീവിതത്തിന് സാക്ഷ്യം വഹിക്കുന്നതും ദൈവഭരണ വ്യവസ്ഥിതി ഭൂമിയിൽ യാഥാർത്ഥ്യമാക്കികൊണ്ട് സകലമാന വരെയും ദൈവസ്നേഹത്തിൽ ഒന്നാക്കുന്ന മഹത്തായ ലക്ഷ്യത്തിനായി ഇന്ന് ലോകത്തിൽ കർമ്മനിരതരാകുന്നു (എഫെ. 1:10). ഇത് സ്രഷ്ടാവായ ദൈവത്തെ യേശുക്രിസ്തുവിൽ പ്രതിനിധാനം ചെയ്യുന്നുവെങ്കിൽ സഭയിൽ മാത്രം പരിവർത്തിക്കുന്ന ദൈവാത്മാവല്ല, മതാതീതവും പ്രപഞ്ചോൻമുഖവുമായി വർത്തിക്കുന്ന സൃഷ്ടാവായ ദൈവത്തിന്റെ അതിമഹത്തായ ചൈതന്യസത്തയാണ്. ക്രിസ്തുയേശുവിന്റെ അവികലമായ ദൈവപ്രതിമ (Image of God in Christ) പങ്കിടുന്ന എല്ലാ വിശ്വാസികളും അവിടുത്തോ ടൊപ്പം സർവ്വ ലോകത്തെയും അതിന്റെ പരിസരയിടങ്ങളേയും പരിശുദ്ധാത്മ പ്രവർ ത്തനരംഗങ്ങളായി തിരിച്ചറിഞ്ഞ്, നോഹമൂഖാന്തിരം സൃഷ്ടാവ് സൃഷ്ടിയുമായി ചെയ്ത ഉടമ്പടിയുടെ (ഉല്പ 9:9-17) പൂർണ്ണതയിലേക്ക് സൃഷ്ടിയെ നയിക്കുവാനുള്ള ദൈവീകപദ്ധതിയിൽ പങ്കാളിയായെ തീരൂ. അതുമാത്രമാണ് മനുഷ്യരാശി കാത്തിരിക്കുന്ന പുതിയ സൃഷ്ടിയുടെ ആവിർഭാവത്തിന് നിദാനം (വെളി. 21:1). സൃഷ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്ന ദൈവമക്കളുടെ വെളിപാട് സംഭവിക്കുന്നതും ആ ലക്ഷ്യത്തിലേക്ക് നയിക്കും (റോമ 8:19). അതെപ്പോൾ? ഇപ്പോൾ മുതൽ പരിശുദ്ധാത്മ നിയോഗത്തിനായി സമർപ്പിക്കുന്ന നമ്മിലൂടെ-ജീവിക്കുന്ന സാക്ഷികളിലൂടെ തന്നെ.

## മറക്കരുത്



പ്രശംസയ്ക്ക് ചെവി കൊടുക്കരുത്
വിജയത്തിൽ അഹങ്കരിക്കരുത്
വിമർശനത്തെ അവഗണിക്കരുത്
തോൽവിയിൽ നിരാശപ്പെടരുത്
കഷ്ടങ്ങളിൽ പിറുപിറുക്കരുത്
നന്മചെയ്യുന്നതിൽ തളരരുത്
സമ്പത്തിൽ ആശ്രയിക്കരുത്
പണത്തെ സ്നേഹിക്കരുത്
സ്നേഹിതരെ മറക്കരുത്
ദൈവത്തോട് മറുതലിക്കരുത്

സമ്പാദക : **ആനി തങ്കച്ചൻ**
കായംകുളം

# രക്ഷകർത്താക്കളും പാഠം പഠിക്കണം

*അദ്ധ്യയനവും അദ്ധ്യാപനവും ഏടന മാറിവരുമ്പോൾ*
*രക്ഷകർത്താക്കളുടെ മനസ്സിലാക്കലുകൾക്കും മാറ്റം വരേണ്ടതുണ്ടെന്ന്*
*വിലയിരുത്തുന്നു* **ശ്രീ. കെ. ജി. എബ്രഹാം, പുനലൂർ**

**വി**ദ്യാഭ്യാസരംഗത്ത് നിരവധി പുതിയ പ്രവണതകൾ കടന്നുവന്നിരിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾ (Changes) ഉൾക്കൊള്ളാതെ തുടർപ്രവർത്തനങ്ങൾ സാദ്ധ്യമല്ല എന്ന തിരിച്ചറിവിൽ നിന്നാണ് പുതിയ പ്രവർത്തന പരിപാടികൾക്ക് തുടക്കം കുറിച്ചത്. പഠന പ്രവർത്തനങ്ങളിൽ കുട്ടി-അദ്ധ്യാപകൻ എന്ന സമവാക്യത്തിൽ രക്ഷകർത്താവിനെ കൂടി ഉൾപ്പെടുത്തി കുട്ടി-അദ്ധ്യാപകൻ-രക്ഷകർത്താവ് എന്ന ശൃംഘലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും കൂട്ടായ്മയെ പ്രബലപ്പെടുത്തുന്നതിന് നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയുംവരുന്നു. കുട്ടിയുടെ പഠന പ്രക്രിയയിൽ രക്ഷകർത്താവിനെ കൂടി പങ്കാളിയാക്കാനുള്ള ശ്രമത്തിന് സർക്കാർതന്നെ നൂതനാശയങ്ങളിലൂടെ രംഗത്തെത്തിക്കഴിഞ്ഞു. തന്റെ കുട്ടി സ്കൂളിൽ എന്ത് പഠിക്കുന്നു, പഠനരീതി എങ്ങനെ, പഠനത്തിൽ അവനെ എങ്ങനെ സഹായിക്കാം തുടങ്ങി നിരവധികാര്യങ്ങളിൽ രക്ഷകർത്താവിനെക്കൂടി പങ്കാളിയാക്കി സമഗ്രവും പഠനപുരോഗതിയിലേക്ക് ലക്ഷ്യമിട്ട് ആവിഷ്കരിച്ചതുമായ ചില പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിട്ടുണ്ട്.



(Cluster Training for Parents)

**രക്ഷകർത്താവിന് പാഠഭാഗ പരിശീലനം**

ഓരോ മാസത്തിലും കൂടുന്ന ക്ലാസ്സ് പി.റ്റി.എ കളിൽ കുട്ടിയുടെ പഠന പുരോഗതിവിലയിരുത്തുന്നതോടൊപ്പം അവന്റെ പാഠഭാഗങ്ങളെ രക്ഷകർത്താവിന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. സാക്ഷരതയില്ലാത്ത രക്ഷകർത്താക്കളുണ്ടെങ്കിൽ അവർക്ക് ക്ലാസ്സ് പി.റ്റി.എകളിൽ വീട്ടിലുള്ള മറ്റൊരാളെ അയക്കാം. പാഠഭാഗത്തിന്റെ പ്രത്യേകത, അതിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ (Objectives) പദ്യപാഠഭാഗമാണെങ്കിൽ അതിന്റെ ഈണം, കവി പരിചയം തുടങ്ങി നിരവധി കാര്യങ്ങൾ രക്ഷകർത്താവിനെ പരിചയപ്പെടുത്താം. ക്ലാസ്സ് പി.റ്റി.എകൾ കൂടുമ്പോൾ രക്ഷകർത്താവിനോടൊപ്പം കുട്ടിയെയും ഇരുത്തുന്നു. കുട്ടിയുടെ പുസ്തകം രക്ഷകർത്താവിന് നൽകുന്നു. പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഇത് വളരെ സജീവമായി നടത്താം. കുട്ടിയുടെ ഗൃഹപാഠം (Assignment) തയ്യാറാകുമ്പോൾ അവനെ എങ്ങനെ സഹായിക്കാം എന്നതിന് പ്രത്യേക പരിശീലനം നൽകുന്നതു കൂടാതെ എന്റെ കഥാപുസ്തകം, എന്റെ പാട്ട്പുസ്തകം, ശേഖരണ

ങ്ങൾ (Collections), പ്രോജക്ട് തുടങ്ങിയവയിൽ കുട്ടിയുടെ സഹായിയായി എങ്ങനെ വർത്തിക്കാം എന്ന നിർദേദേശവും ഈ കൂടിവരവിലൂടെ നൽകാം. രക്ഷകർത്താവിന്റെ സാന്നിദ്ധ്യത്തിൽ തന്നെ കുട്ടിയുടെ നോട്ടുബുക്കുകൾ, പ്രോജക്ട്, ശേഖരണബുക്കുകൾ തുടങ്ങിയവ പരിശോധിക്കാം. ഗണിതവുമായി ബന്ധപ്പെട്ട് വ്യവകലനം ഹരണം തുടങ്ങിയവ ഏറെ ലളിതവും രസകരവുമായും പരിചയപ്പെടുത്താം. ഈണത്തിൽ പദ്യഭാഗങ്ങൾ ചൊല്ലി അവതരിപ്പിക്കാൻ കഴിയുന്ന രക്ഷകർത്താക്കളുണ്ടെങ്കിൽ അവർക്ക് അവസരം നൽകാം.

പരാതികളും പരിഭവങ്ങളും മാത്രമായി സ്കൂളിലും ക്ലാസ് പി.റ്റി.എ കളിലുമെത്തുന്ന രക്ഷകർത്താക്കൾക്ക് ഒരു പുതിയ അനുഭവമായി മാറും ഇത്തരം പാഠഭാഗപരിശീലനപരിപാടി. എന്റെ കുട്ടിയുടെ പഠനപ്രവർത്തനങ്ങളിൽ ഞാനും പങ്കാളിയാകുന്നു എന്ന ബോധം രക്ഷകർത്താവിനുണ്ടാകുന്നു.

**പ്രാദേശിക പി. റ്റി. എ** (Local P.T.A)

സ്കൂൾ പൊതുയോഗങ്ങളിലും ക്ലാസ്സ് പി.റ്റി.എ കളിലും രക്ഷകർത്താക്കൾ പതിവായി എത്തുന്നില്ല എന്ന പരാതി പരക്കെ ഉയർന്നുവന്ന സാഹചര്യത്തിൽ ഇതിനൊരു പരിഹാരമായി രൂപീകരിച്ച രക്ഷകർത്താക്കളുടെ പ്രാദേശിക കൂടിവരവാണ് പ്രാദേശിക പി.റ്റി.എ. സ്കൂളിൽ മീറ്റിംഗുകൾ നടക്കുന്നത് സാധാരണ പ്രവൃത്തി ദിവസങ്ങളിലാണല്ലോ. മിക്കരക്ഷകർത്താക്കൾക്കും ജോലിയുള്ളതിനാൽ സ്കൂളിലെത്താൻ കഴിയുന്നില്ല, ഈ സാഹചര്യം മുൻനിർത്തി സ്കൂളുകളെ മൂന്നോനാലോ പ്രാദേശിക ഘടകങ്ങളായി വേർതിരിക്കുകയും ഓരോ പ്രാദേശിക കേന്ദ്രങ്ങളിലും വച്ച് ഞായറാഴ്ച ഉച്ചകഴിഞ്ഞോ മറ്റ് പൊതു അവധിദിവസങ്ങളിലോ ആപ്രദേശത്തെ രക്ഷകർത്താക്കളഉടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടുന്നു. രക്ഷകർത്താക്കളുടെ മാത്രമല്ല പൂർവ്വവിദ്യാർത്ഥികളുടെയും താല്പര്യമുള്ള എല്ലാവരും ഈ പരിപാടിയിലേക്ക് ക്ഷണിക്കാം. ആപ്രദേശത്തെ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ പൂർണ്ണമായും നാട്ടുകാരുടെ സഹായത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ വിശദീകരിക്കാം. തുറസ്സായ സ്ഥലങ്ങളിൽ കസേരകൾ ക്രമീകരിച്ച് നാട്ടുകൂട്ടംപോലെ കൂട്ടുന്ന ഇത്തരം മീറ്റിംഗുകൾ ഏറെ ജനശ്രദ്ധആകർഷിക്കും എന്നതിൽ സംശയമില്ല. വളരെ വിജയകരമായിപ്രാദേശിക പി.റ്റി.എകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നു.

രക്ഷകർത്താക്കളെ പഠനപ്രവർത്തനങ്ങളിലും സ്കൂൾ പ്രവർത്തനങ്ങളിലും ഫലപ്രദമായി ഉൾപ്പെടുത്തേണ്ടത് അനിവാര്യമായ സംഗതിയാണ്. ജനങ്ങളുടെ ഇടയിൽ വിശ്വാസമാർജ്ജിച്ചാൽ മാത്രമേ ഏത് പ്രസ്ഥാനത്തിനും നിലനിൽപുണ്ടാകുകയുള്ളൂ. എന്റെ കുട്ടി പഠിക്കുന്ന സ്കൂളിന്റെ വികസനം പുരോഗതി എന്നിവ എന്റെ കൂടി ഉത്തരവാദിത്വമാണെന്ന ചിന്ത രക്ഷകർത്താവിനെ ഭരിക്കട്ടെ.


**സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന വൈദികർക്ക് ഭാവുകങ്ങൾ**



**റവ.തോമസ് പി. ജോർജ്ജ്**
പടിഞ്ഞാറ്റേതിൽ ഹൗസ്
ഹൗസ് നം. 4, ജെ. പി. നഗർ - 2
റയിൽവേസ്റ്റേഷൻ, പി.ഒ,
തിരുവല്ല.
(കീഴ്‌വായ്പൂർ സെന്റ് തോമസ്)



**റവ.വൈ. മത്തായി**
പുത്തൻ പുരയിൽ
എലിക്കാട്ടൂർ പി.ഒ,
പത്തനാപുരം
(എലിക്കാട്ടൂർ സീയോൻ)



**റവ.പി. എം. എബ്രഹാം**
പള്ളിയിൽ വീട്
ഇലിപ്പക്കുളം പി.ഒ
പള്ളിക്കൽ
(ഇലിപ്പക്കുളം സെന്റ് തോമസ്)



**റവ.സി. ജെ. തോമസ്**
അനുഗ്രഹ
മാത്ര പി.ഒ, പുനലൂർ
(പുനലൂർ സെന്റ് തോമസ്)

# ശിഷ്ടമുള്ള ജീവിതം വിശിഷ്ടമാക്കുക...

**(To make rest of your life, the best of your life) Luke 5:1-11**

***ആകുലതകളുടെ ഗന്നസരേത്ത് തീരത്തെ ക്രിസ്തു സാന്നിദ്ധ്യം ശിഷ്യരുടെ ജീവിതത്തെ മാറ്റിമറിക്കുന്ന സുന്ദര ചിത്രത്തിലൂടെ വർത്തമാനകാല വ്യഥകളിലേക്കും നിലയ്ക്കാത്ത പ്രത്യാശയിലേക്കും നമ്മെ നയിക്കുകയാണ് കടമ്പനാട് ശാലേം, തുവയൂർ എബനേസർ ഇടവകകളുടെ വികാരിയായ റവ. പി. ജെ. തോമസ്.***



ഗന്നേസരേത്ത് തടാകം ശിമോന്റെയും കൂട്ടരുടെയും ജീവിതത്തിൽ അർപ്പണത്തിന്റെയും പുനരർപ്പണത്തിന്റെയും കഥ പറയുന്ന തീരമാകുന്നു. വിജയ പരാജയങ്ങളുടെ സമ്മിശ്രമായ അനുഭവങ്ങൾ നമുക്കിവിടെ കാണുവാൻ കഴിയും. ജീവിതയാഥാർത്ഥ്യങ്ങളുടെയും വെല്ലുവിളികളുടെയും മുൻപിൽ സംഘർഷമനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ മദ്ധ്യത്തിലേക്കിറങ്ങിവന്ന് നവ സമൂഹത്തെ രൂപകൽപ്പന ചെയ്യുന്ന ക്രിസ്തു സാന്നിദ്ധ്യം ശ്രദ്ധേയമാണ്. നവ സമൂഹനിർമ്മിതിയിൽ പങ്കാളിയാകുന്ന ക്രിസ്തു സാധാരണ അനുഭവങ്ങളെ അസാധാരണവും പരാജയത്തിന്റെ ഇടങ്ങളെ വിജയത്തിന്റെ വേദിയുമാക്കി മാറ്റുന്നതിലൂടെ ശിമോനെയും കൂട്ടരെയും അതിവിശിഷ്ടമായ ജീവിത പന്ഥാവിലേക്ക് ആനയിക്കുന്നു. ഗന്നേസരേത്ത് തടാകക്കരയിൽ കാണുന്ന ഓരോരുത്തരും നമ്മിൽ ഓരോരുത്തരായി നിലകൊള്ളുന്നു. ഇവരുടെ ഹൃദയ സ്പന്ദനങ്ങൾ നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും ഹൃദയ സ്പന്ദനങ്ങളായി അവശേഷിക്കുന്നു. സമകാലിക വെല്ലുവിളികൾ ഉൾക്കൊള്ളുന്ന ഈ വേദഭാഗം മൂന്ന് പ്രധാന ചിന്തകൾ ഉണർത്തുന്നു.

**I അപചയത്തിന്റെയും ആകുലതയുടെയും രാത്രി**

(A night of defeat and disappointment)

രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ശൂന്യത മാത്രം അവശേഷിച്ച സമൂഹത്തിന്റെ കദനകഥയാണ് വേദഭാഗത്തിന്റെ പ്രാരംഭത്തിൽ. പ്രതീക്ഷകളും പ്രവർത്തനങ്ങളും പരാജയപ്പെട്ട് നിരാശയുടെ തുറമുഖത്തു നിൽക്കുന്ന ഇക്കൂട്ടർ ഇന്നിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ഇവരുടെ ആകുലതകളും ആവശ്യകതകളും നമ്മുടെ സമൂഹത്തി

ന്റേതായി പരിണമിക്കുന്നു. പഠിച്ചിട്ടും തൊഴിൽ ലഭിക്കാത്തവരും, വിദേശത്തും സ്വദേശത്തും തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരും ഉപ ജീവനത്തിനുപോലും ഗതിയില്ലാത്തവരും ആയ ഒരു സമൂഹത്തിന്റെ ചിത്രം നമുക്കിവിടെ കാണാം. ഇവരുടെ സംഘർഷങ്ങൾ വ്യത്യസ്ത മായിരിക്കാം

i) A professional Crisis:-
തൊഴിൽ മേഖലയിലെ പ്രതിസന്ധി)
ii) A positional Crisis
(സ്ഥാന ചലനത്തിലുളവാകുന്ന പ്രതിസന്ധി)
iii) A possessional Crisis
(സമ്പന്നതയുടെ പ്രതിസന്ധി)
iv) A personal Crisis
(ആളത്വ പ്രതിസന്ധി)

ഇങ്ങനെയുള്ള പ്രതിസന്ധികളുടെ മദ്ധ്യത്തി ലാണ് ക്രിസ്തുസാന്നിദ്ധ്യം പുതിയ അനുഭവ തലത്തിലേക്ക് നയിക്കുന്നത്.

**II പ്രതീക്ഷയുടെയും പ്രകാശത്തിന്റെയും പ്രഭാതം.**

(A morning of discovery and delightment)

ശിമോന്റെ പടക് കരയിൽ നിന്നും അല്പം നീക്കേണം എന്നുള്ള ആഹ്വാനം, വ്യത്യസ്തമായ അനുഭവത്തിലേക്കും ആഴമായ ബന്ധത്തിലേക്കും ഉള്ള ആരംഭംകുറിക്കുന്നു. ആഴത്തിലേക്ക് നീക്കി മീൻപിടുത്തത്തിനു വല ഇറക്കുവിൻ എന്നുള്ള ആജ്ഞ പുതിയ കണ്ടെ ത്തലുകൾക്ക് ആരംഭം കുറിക്കുന്നു. പരാജയ



ങ്ങൾ വരുമ്പോൾ പുതിയ ഇടങ്ങൾ തേടുന്ന മനുഷ്യവാസനയെ മാറ്റി പരാജയ ഇടങ്ങളെ വിജയമാക്കുന്ന ക്രിസ്തുശൈലി ഇവിടെ വെളി പ്പെടുത്തുന്നു. ജീവിതത്തിൽ എല്ലാം അവസാ നിച്ചു എന്ന മാനുഷിക ചിന്തയെ രണ്ടാമതൊ രവസരം നൽകുന്നതിലൂടെ ദൈവകൃപയുടെ പുതിയ അർത്ഥതലങ്ങളിലേക്ക് നയിക്കുന്നു. ആശങ്കകൾ നിറഞ്ഞ ഈ ലോകത്തിൽ ജീവി തത്തിന് പ്രതീക്ഷനൽകുന്ന ദൈവസാന്നിദ്ധ്യം (Presence of God) ദൈവീക സമൃദ്ധി (Prosperity of God) ദൈവീക സദ്ധ്യതകൾ (Possibility of God) ഇവയെല്ലാം പെരുത്ത മീൻകൂട്ടം ലഭിക്കുന്ന അനുഭവത്തിലൂടെ വെളി വാക്കുന്നു. ഏതു പരാജയത്തിന്റെ നടുവിലും ക്രിസ്തുസാന്നിദ്ധ്യം നമുക്ക് ആശ്വാസം നൽകു ന്നു. സാധനം വാങ്ങുവാൻ മാതാവിനോടൊപ്പം കടയിൽപോയ ബാലന്റെ കഥ വളരെ പരിചി തമാണ്. തനിക്കിഷ്ടപ്പെട്ട മിഠായിഭരണിയിൽ നിന്നും മിഠായി ആവശ്യം പോലെ എടുത്തു കൊൾവാൻ കടയുടമ പറഞ്ഞിട്ടും എടുക്കാതെ മടിച്ചുനിന്ന ബാലന് കടയുടമ അയാളുടെ കൈനിറയെ മിഠായി വാരിക്കൊടുത്തപ്പോൾ അവന് സന്തോഷമായി. വീട്ടിൽ വന്നയുടൻ അവന്റെ മാതാവ് അവനോട് 'എന്താണ് നീ മിഠായി വാരിയെടുക്കാഞ്ഞത്' എന്ന് ചോദിച്ച പ്പോൾ കുട്ടി പറഞ്ഞതായ മറുപടി നമ്മുടെ കണ്ണുകൾ തുറപ്പിക്കുന്നതാണ് "My hand is very small. But his hand is bigger than my hand" എന്റെ കരത്തിനേക്കാൾ എത്രയോ വലുതാണ് ദൈവത്തിന്റെ കരം

**III അചഞ്ചലമായ തീരുമാനവും ആത്മസ മർപ്പണത്തിന്റെ ദിനവും**

(A day of decision and dedication)

സ്വന്തം ദുഃഖങ്ങളിലേക്ക് മാത്രം ചേക്കേറുവാൻ താല്പര്യപ്പെടുന്ന ശീമോനെയും കൂട്ടരെയും യേശു പുതിയ പ്രവർത്തനതലത്തിലേക്ക് ആന യിക്കുന്നു. മത്സ്യബന്ധനത്തിൽ നിന്നും മാനു ഷിക ബന്ധത്തിലേക്കുള്ള പുതിയ ഒരു കാൽവ യ്പ്പാണ് ഇവിടെ സംജാതമാകുന്നത്. അത്ഭു തങ്ങളിൽ മതിമറന്നു പോകുവാനല്ല, അർപ്പണ ബോധത്തോടെ ആളത്വബന്ധങ്ങൾ രൂപീകരി

ക്കുവാനുള്ളതാണ് ജീവിതം എന്ന് യേശു പഠിപ്പിക്കുന്നു. സകലവും വിട്ട് അവനെ അനുഗമിച്ചു എന്നുള്ള പദപ്രയോഗം ശിഷ്യത്വത്തിന്റെ പുത്തൻ മാനങ്ങൾ വെളിപ്പെടുത്തുന്നു. ശിഷ്യത്വം നമ്മോടാവശ്യപ്പെടുന്നത് ആഴമായ അർപ്പണം (dedication), ആത്മാർത്ഥമായ തിരച്ചറിവ് (determination), അചഞ്ചലമായ ഭക്തി (devotion), അച്ചടക്കബോധം (discipline) എന്നിവയാകുന്നു. ഇങ്ങനെ ശിഷ്യത്വത്തിന്റെ പാതയിൽ കൂടി സഞ്ചരിക്കുമ്പോൾ ശിഷ്ടമായ ജീവിതം വിശിഷ്ടമായി മാറുന്നു. ജീവിതം ശ്രേഷ്ഠമാക്കുവാൻ നാം എങ്ങനെയായിത്തീരണം എന്നതിനെപ്പറ്റി ഒരു എഴുത്തുകാരൻ ഇപ്രകാരം പരാമർശിക്കുന്നു.

- നാം ശക്തിയിൽ കുതിരയെപ്പോലെയാകണം.
- നാം ഗാംഭീര്യത്തിൽ സിംഹത്തെപ്പോലെയാകണം.
- നാം തലയെടുപ്പിൽ ആനയെപ്പോലെയാകണം.
- നാം ലക്ഷ്യബോധത്തിൽ കഴുകനെപ്പോലെയാകണം.
- നാം പരിശ്രമത്തിൽ ചിലന്തിയെപ്പോലെയാകണം.
- നാം ക്ഷമയിൽ ഋഷിയെപ്പോലെയാകണം.
- നാം ഉറപ്പിൽ പാറയെപ്പോലെയാകണം.
- നാം സമ്പാദനത്തിൽ ഉറുമ്പിനെപ്പോലെയാകണം.
- നാം മനഃശുദ്ധിയിൽ ശിശുവിനെപ്പോലെയാകണം.
- നാം കനിവിൽ മരങ്ങളെപ്പോലെയാകണം.
- നാം സ്നേഹത്തിൽ അമ്മയെപ്പോലെയാകണം.
- നമ്മുടെ മനസ്സ് ആകാശംപ്പോലെയാകണം. നമ്മുടെ ശിഷ്ടമുള്ള ആയുസ്സ് ഏറ്റവും വിശിഷ്ടമായിത്തീരുവാൻ സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പ്രശ്നോത്തരി ?!

### കഴിഞ്ഞ ലക്കത്തിലെ വിജയി
**ശ്രീമതി ആലീസ് അലക്സ്, കലയപുരം**

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ ?**

1. ജനുവരി 6
2. അനുതാപഹൃദയത്തോടെ ദൈവത്തിങ്കലേക്ക് മടങ്ങിവരുന്ന ഏവരേയും ദൈവം സ്വീകരിക്കുക തന്നെ ചെയ്യും.
3. പ്രവാചകന്മാർ, ലോകത്തിൽ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നവരും പുരോഹിതന്മാർ ജനങ്ങളെ ദൈവമുമ്പാകെ പ്രതിനിധാനം ചെയ്യ്തവരുമായിരുന്നു.
4. മാനസാന്തരം - പാപം നിറഞ്ഞ ലോകത്തിൽ നിന്നും ദൈവത്തിങ്കലേയ്ക്ക് തിരിയുന്നതും ദൈവത്തോടൊപ്പം പാപം നിറഞ്ഞ ലോകത്തിലേക്ക് ഇറങ്ങി ചെല്ലുന്നതുമാണ്.
5. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ല.
6. ക്രൂശിതൻ
7. പിലാത്തറയിൽ ശ്രീ കോരുത് കുഞ്ഞാണ്ടി കത്തനാർ
8. ഡോ. എബ്രഹാം മാർത്തോമ്മാ മെത്രാപ്പൊലീത്താ
9. 1. ആഗമന നോമ്പ്, 2. മൂന്നൂ നോമ്പ്, 3. അൻപത് നോമ്പ്, 4. ശ്ലീഹാ നോമ്പ്, 5. പതിനഞ്ച് നോമ്പ്
10. കർത്താവിന്റെ പരിഛേദനയെ ഓർമ്മപ്പെടുത്തുന്ന ദിവസം.

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. 'റൂഹാ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം ?
2. പ്രവാചകന്മാരല്ലാത്തവരേയും ദൈവം തന്റെ ആത്മാവിനാൽ ശക്തീകരിച്ചു എന്നതിന്റെ ഉദാഹരണം?
3. മൂന്നാം മാർത്തോമായെ വാഴിച്ചത് ആരാണ് ?
4. സകല ജഢത്തിലും ആത്മാവിനെ പകരുന്നത് ദർശനം കണ്ട പ്രവാചകൻ ?
5. ആത്മാവിന്റെ ഫലം എന്താണ് ?
6. കാൽവരിയാത്രയിൽ യേശുവിനെ ക്രൂശെടുക്കാൻ സഹായിച്ച ശീമോൻ ഏതു നാട്ടുകാരനായിരുന്നു ?
7. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മേല്പ്പട്ടസ്ഥാനം സ്വീകരിച്ചത് ആരിൽ നിന്നാണ് ?
8. സ്ഥാത്തിക്കോൻ എന്നാൽ എന്താണ് ?
9. മൂറോൻ കൂദാശയിലെ അടിസ്ഥാന വസ്തു എന്താണ്?
10. യേശു കാൽ കഴുകുന്നതിൽ വൈഷമ്യം കാട്ടിയ ശിഷ്യൻ ആര് ?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരം ലഭിക്കേണ്ട അവസാന തീയതി 2012 മെയ് 31**

# ടീനേജ് അറിഞ്ഞതും അറിയാതെ പോയതും.

**ടീനേജ്– ഒരു വിഷമ കാലമാണ് മാതാപിതാക്കൾക്കും മക്കൾക്കും. അവയെ ആഘോഷമാക്കാനുള്ള വഴികൾ നിർദ്ദേശിക്കുകയാണ് ക്ലിനിക്കൽ & ഫാമിലി കൗൺസിലറായ റവ: ഡോ. ഡാനിയൽ മാമ്മൻ**

"നാലുവയസിൽ നട്ടപ്രാന്ത്" എന്നൊരു ചൊല്ലുണ്ട് നമ്മുടെ നാട്ടിൽ. കുട്ടികളിൽ കുരുത്തക്കേടും മിരുമിരുപ്പും ഏറ്റവും കൂടുതലുള്ള പ്രായമാണ്ത് എന്നാണു സൂചന, ഈ നട്ടപ്രാന്തിന്റെ കാലമൊക്കെ വാൽസല്യത്തോടെ മക്കളെ പരിപാലിക്കാൻ എത്രയോ കരുതലുള്ളവരാണ് നമ്മുടെ മാതാപിതാക്കൾ. പിറന്നുവീണു കരഞ്ഞുതുടങ്ങുമ്പോൾ മുതൽ പിച്ചവയ്പിന്റെ കാലത്തിലൂടെ മക്കളെ സൂക്ഷ്മതയോടെ വളർത്തണമെന്ന പാഠം തലമുറകളായി പിന്തുടർന്നുവരുന്നവരാണ് നമ്മളൊക്കെ. അതിനുള്ള ക്ഷമയും നമ്മൾ ശീലിച്ചിട്ടുണ്ട്.

സ്കൂളിൽ പോയിത്തുടങ്ങുന്ന പ്രായമായാൽ പിന്നെ എളുപ്പമായി. പറയുന്ന കാര്യങ്ങൾ മനസിലാക്കാനും അനുസരിക്കാനും അദ്ധ്യാപകരോടും മാതാപിതാക്കളോടും മുതിർന്നവരോടും ആദരവോടെ പെരുമാറാനുമൊക്കെ അവർ ശീലിക്കുന്നു. എന്തിനും ഏതിനും മാതാപിതാക്കളെ ആശ്രയിക്കുന്നു. സ്കൂളിലെയും കൂട്ടുകാരുടെയും വിശേഷങ്ങൾ പറയുന്നു. എല്ലാം ഭദ്രമെന്നു കരുതി സന്തോഷത്തോടെ പോകുന്നതിനിടെയാണ് എന്തോ ചില താളപ്പിഴകൾ കടന്നുവരുന്നത്.

ചറപറാ വിശേഷങ്ങൾ പറഞ്ഞിരുന്ന കുട്ടിക്ക് ഇപ്പോൾ തീരെ സംസാരമില്ല; എന്തെങ്കിലും ചോദിച്ചാൽ ചിലപ്പോൾ മറുപടി പറഞ്ഞെങ്കിലായി. കൂടുതൽ ചോദിച്ചാൽ എന്തിനാണ് എന്നെ ഇങ്ങനെ ശല്യപ്പെടുത്തുന്നത് എന്ന മട്ടിലൊരു നോട്ടം അല്ലെങ്കിൽ തർക്കുത്തരം.

എപ്പോഴും നിഴലായി കൂടെ നടന്നിരുന്ന കുട്ടി എല്ലാക്കാര്യത്തിലും അപ്പന്റെയോ അമ്മയുടെയോ സഹായവും നിർദ്ദേശവും തേടിയിരുന്ന കുട്ടി. ഇപ്പോഴിതാ അവന് / അവൾക്ക് അപ്പനെയും അമ്മയെയും വേണ്ട; എല്ലാ ഇടപാടും കൂട്ടുകാരുമായി മാത്രം. അല്ലാത്തപ്പോഴിഷ്ടം ഏകാന്തതയും പാട്ടും ടി.വിയും ഒക്കെ. സഹോദരങ്ങളോടുപോലും പഴയ അടുപ്പമില്ല. അവർ അടുത്തു ചെല്ലുന്നതും സംസാരിക്കുന്നതും ഒക്കെ അലോസരംപോലെ.

ഇവൻ / ഇവൾ എന്താ ഇങ്ങനെ എന്ന് ആശങ്കപ്പെടുക, അടുപ്പമുള്ളവരോടു സങ്കടം പറയുക, കൗൺസിലിംഗിനും ധ്യാനത്തിനും ചികിത്സയ്ക്കുമൊക്കെ കൊണ്ടുപോകുക തുടങ്ങിയവയാണ് നമ്മുടെ മുമ്പിലുള്ള വഴികൾ. സ്കൂളിലെ കൂട്ടുകെട്ടാണോ, വായിക്കുന്ന പുസ്തകങ്ങളാണോ, കാണുന്ന ടി.വി. പ്രോഗ്രാമുകളും സിനിമകളുമാണോ നമ്മുടെ കുട്ടിയെ ഇങ്ങനെ നശിപ്പിക്കുന്നത് എന്നു നമ്മൾ ആശങ്കപ്പെടുന്നു.



ഈ ആശങ്കയും അന്വേഷണവുമൊക്കെ വേണ്ടതു തന്നെ. പക്ഷേ അതിനോടൊപ്പം അറിവിന്റെ ശക്തികൂടി ഉണ്ടായിരിക്കട്ടെ. നാലു വയസിലേതിനേക്കാൾ നട്ടപ്രാന്തിന്റെ കാലമാണ് - ടീനേജ് - കുട്ടിക്കിപ്പോൾ. തേർട്ടീൻ മുതൽ നയ്ന്റീൻ വരെ റ്റീൻ എന്ന വസാനിക്കുന്ന പ്രായക്കാർക്കായി ഇംഗ്ലീഷുകാരുടെ പ്രയോഗമാണ് ടീനേജ് . ശൈശവം പോലെതന്നെ പ്രത്യേകശ്രദ്ധയും കരുതലും വേണ്ടുന്ന കാലമാണിത് എന്ന് ആധുനികമനശ്ശാസ്ത്രം പറയുന്നു. ചില കുട്ടികളിൽ റ്റീനേജ് പ്രതിഭാസം 9-10 വയസിലേ കണ്ടുതുടങ്ങും. ചിലപ്പോൾ അവർ നേരത്തേ പക്വതയെത്തും. ചിലർ നയ്ന്റീനും കടന്ന് ഇരുപതുകളുടെ ആദ്യവർഷങ്ങൾ കൂടി കഴിഞ്ഞേ പക്വത പ്രാപിക്കൂ. അഞ്ചുവർഷം മുതൽ ഒമ്പതു വർഷം വരെ ഏറിയും കുറഞ്ഞും ഓരോരുത്തരിലും വ്യത്യസ്തമായിരിക്കും ഈ 'പ്രാന്തു' കാലത്തിന്റെ ദൈർഘ്യം. കൗമാരത്തിന്റെ ആരംഭം മുതൽ യൗവനത്തിലെ ആദ്യവർഷങ്ങൾകൂടി ഉൾപ്പെടുന്ന ഈ കാലഘട്ടത്തെ സൂചിപ്പിക്കുന്നത്. പൊതുവിൽ കൗമാരം എന്ന വാക്കുതന്നെയാണ് ഉപയോഗിക്കുന്നത്.

**എന്റെ കുട്ടിയെ എങ്ങനെ മാറ്റിയെടുക്കാം എന്നതിനുള്ള ഉത്തരമല്ല ഈ ലേഖനത്തിലുള്ളത്. അവന്റെ / അവളുടെ പ്രശ്നങ്ങൾക്കൊത്ത് ഞാൻ എങ്ങനെ മാറണം എന്നു സ്വയം കണ്ടെത്താനുള്ള സൂചനകളാണ്.**

മാതാപിതാക്കൾക്കു മാത്രമല്ല, ഈ പ്രായത്തിലൂടെ കടന്നുപോകുന്ന കുട്ടികൾക്കും നിരവധി ആശങ്കകളുടെയും സംഘർഷങ്ങളുടെയും കാലമാണിത്. ഈ ജീവിതഘട്ടം വിജയകരമായി തരണം ചെയ്യാൻ കുട്ടികളെയും മാതാപിതാക്കളെയും സഹായിക്കുക എന്ന ലക്ഷ്യമാണ് നമുക്ക് ഉള്ളത്.

എന്റെ കുട്ടിയെ എങ്ങനെ മാറ്റിയെടുക്കാം എന്നതിനുള്ള ഉത്തരമല്ല ഈ ലേഖനത്തിലുള്ളത്. അവന്റെ / അവളുടെ പ്രശ്നങ്ങൾക്കൊത്ത് ഞാൻ എങ്ങനെ മാറണം എന്നു സ്വയം കണ്ടെത്താനുള്ള സൂചനകളാണ് മാതാപിതാക്കൾ തേടേണ്ടത്.

മാതാപിതാക്കൾ കൗമാരക്കാരുടെ കാര്യത്തിൽ അനാവശ്യമായി തലയിടുന്നത് എങ്ങനെ ഒഴിവാക്കണം എന്നുമല്ല ഈ ലേഖനം പറയുന്നത്. പ്രായത്തിന്റെ സവിശേഷതകളെയും മാതാപിതാക്കളുടെ ആശങ്കകളെയും എങ്ങനെ ഫലപ്രദമായി നേരിടാം, ടീനേജിന്റെ ചിന്തകളെയും പ്രവൃത്തികളെയും കൂടുതൽ ക്രിയാത്മകമായി എങ്ങനെ വഴിതിരിച്ചുവിടാം എന്നൊക്കെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

സംഘർഷങ്ങൾ ഒഴിവാക്കാനും ഒഴിവാക്കാൻ പറ്റാത്തവയെ ലഘൂകരിക്കാനും അവയെ ഊർജ്ജമാക്കി മാറ്റി വളരാനും സ്വയം വളർത്താനും ഒക്കെയുള്ള വഴികളാണ് ഇവിടെ പറയാൻ ശ്രമിച്ചിരിക്കുന്നത്.

## മധുരം - കൗമാരം

വികലമായ എല്ലാ പെരുമാറ്റങ്ങളുടെയും അടിവേരുകൾ ബാല്യദശയിലാണെന്ന് ആലീസ് മില്ലർ. മക്കൾക്കെന്താ വേണ്ടത് എന്നു നന്നായി അറിയാവുന്നവരാണ് മിക്ക മാതാപിതാക്കളും. എന്റെ മകന് - മകൾക്ക് ഏറ്റവും നല്ലതുതന്നെ കൊടുക്കണം എന്നാണ് എല്ലാവരുടെയും ആഗ്രഹവും. അതിനുവേണ്ടി എന്തു കഷ്ടപ്പാടും സഹിക്കാൻ നാം തയ്യാറാകുകയും ചെയ്യും. കുട്ടികൾ ചെറുതായിരിക്കുമ്പോൾ ഇതു വളരെ എളുപ്പവുമാണ്. പാല്, മുട്ട, മിഠായി, ഹോർലിക്സ്, കോംപ്ലാൻ, ബോൺവിറ്റ, പന്ത്, പാവ, തോക്ക്, കളിവണ്ടി ഏതാണു കുട്ടിക്കു നല്ലത്, ഏതാണു ചീത്ത എന്നു വിവേചിച്ചു തീരുമാനിച്ച് നമ്മളതു നടത്തിക്കൊടുക്കും. കുട്ടികൾ സന്തുഷ്ടരാകും. ഇടയ്ക്കൊക്കെ

ചില്ലറ ഇഷ്ടക്കേടുകൾ വന്നാലും നല്ലതെന്താണെന്നു തിരിച്ചറിയാവുന്നവർ നമ്മളാണെന്ന് നാം അവരെ പഠിപ്പിക്കും. അതു സമ്മതിച്ചുതന്ന് അവർ അനുസരിക്കും. ഇഷ്ടക്കേടുകൾ മറക്കും.

എന്നാൽ, മക്കൾ റ്റീനേജ് എത്തുന്നതോടെ സ്ഥിതിയാകെ മാറുന്നു. അവർക്കെന്താവേണ്ടത് എന്നതു സംബന്ധിച്ച് നമുക്കുതന്നെ സംശയങ്ങൾ തോന്നിത്തുടങ്ങുന്നു. 'എനിക്കെന്താ വേണ്ടത്' എന്ന് അവർ ഏറെക്കുറെ സ്വതന്ത്രമായ നിഗമനങ്ങളിലെത്തുകയും ചെയ്യുന്നു.

മക്കൾക്ക് ഏറ്റവും യോജിച്ചതു നോക്കി തിരഞ്ഞെടുക്കാനുള്ള മാതാപിതാക്കളുടെ പ്രാപ്തിയെ ചോദ്യം ചെയ്യുംവിധം അത്ര വേഗത്തിലാണ് ലോകം മാറിക്കൊണ്ടിരിക്കുന്നത്. ഒരു തലമുറ മുൻപു കണ്ടിട്ടില്ലാത്ത ഒരുപാടുസാധനങ്ങളും സാഹചര്യങ്ങളും ഇന്ന് അവർക്കു ചുറ്റുമുണ്ട്. മാതാപിതാക്കളുടെ ചുമതലകളും അധികാരങ്ങളും സംബന്ധിച്ച സങ്കൽപ്പങ്ങളിൽപ്പോലും കാതലായ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. സമൂഹവും സംസ്കാരവും മാറി. ജീവിതരീതികളും മൂല്യസങ്കൽപ്പങ്ങളും മാറി. ധാർമ്മികത, വിശ്വസ്തത, സ്നേഹം, അധികാരം, വിധേയത്വം തുടങ്ങിയ പരമ്പരാഗതവിശ്വാസപ്രമാണങ്ങളും സങ്കൽപ്പങ്ങളും മാധ്യമ പ്രളയത്തിൽപെട്ട് – അച്ചടി, റേഡിയോ, ടി.വി, കേബിൾ, സിനിമ, ഫോൺ, മൊബൈൽ, സാറ്റലൈറ്റ്, ഇന്റർനെറ്റ്, ചാറ്റ്, ബ്ലോഗ് എന്നിങ്ങനെ – തകിടം മറിഞ്ഞു. മാതാപിതാക്കളുടെ നേരേ നോക്കാനും ഉച്ചത്തിൽ സംസാരിക്കാനും ഭയക്കുന്ന മക്കളുടെ കാലം പോയി. മുൻതലമുറകളെക്കാൾ പേടി കുറഞ്ഞ, എന്തും വെട്ടിത്തുറന്നു പറഞ്ഞുശീലിക്കുന്ന കുട്ടികളാണ് ഇന്നു കൂടുതൽ.

ഇങ്ങനെ ഒരുപാടുവ്യത്യസ്തരാണ് ഇന്നത്തെ യുവതലമുറയെങ്കിലുംമുൻ തലമുറയുമായി പലതരത്തിലുള്ള സാമ്യങ്ങളും അവർക്കുണ്ട്. മാതാപിതാക്കളുടെ നിയന്ത്രണത്തിൽനിന്നുള്ള വിടുതലിനും കൂട്ടുകാർക്കിടയിൽ അംഗീകാരത്തിനുമുള്ള ദാഹം പണ്ടും ഇന്നും ഒരുപോലെയുണ്ട്. അപകർഷബോധവും ആത്മവിശ്വാസക്കുറവും ഇന്നും റ്റീനേജുകാരെ അലട്ടുന്നു. ഈ പ്രായത്തിൽ വന്നുകൂടുന്ന വൈകാരികവും ശാരീരികവുമായ പരിണാമങ്ങൾ ഈ തലമുറയിലും നിലനിൽക്കുന്നു. ഭാവി സംബന്ധിച്ച അനിശ്ചിതത്വം, ലൈംഗിക വ്യക്തിത്വം എന്നിവയും അസ്വസ്ഥത ജനിപ്പിക്കുന്നതാണ്. മുൻതലമുറയെക്കാൾ ഇന്നുള്ളവരെ കൂടുതലായി അലട്ടുന്ന പ്രശ്നങ്ങളുമുണ്ട്. അവയിൽ പ്രധാനം മാറ്റങ്ങളുടെ ശീഘ്രവേഗമാണ്. മുമ്പെന്നത്തെക്കാളും പ്രവചനാതീതവും കണക്കുകൂട്ടലുകൾക്കു പിടികൊടുക്കാത്തവിധം വൈവിധ്യപൂർണ്ണവുമാണ് സംഭവവികാസങ്ങൾ.

മാതാപിതാക്കളും മാറിയിരിക്കുന്നു. ഒന്നോ രണ്ടോ ദശകങ്ങൾ മുൻപുപോലും മക്കൾ സ്കൂൾ വിട്ടു വരുന്നത് മാതാപിതാക്കളുടെ – ഏറെയും അമ്മയുടെ – അടുക്കലേക്കുതന്നെയായിരുന്നു. വീട്ടുകാര്യങ്ങളും മക്കളുടെ കാര്യങ്ങളും നോക്കി അവരെപ്പോഴും വീട്ടിലും പരിസരങ്ങളിലുംതന്നെ കാണുമായിരുന്നു. ഇന്നിപ്പോൾ മിക്ക വീടുകളിലും ഭാര്യയും ഭർത്താവും ജോലിക്കാരാണ്. മുൻകാലങ്ങളിലേക്കാൾ കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്നുമുണ്ട് അവർക്ക്. മുമ്പത്തെപ്പോലെ കൂട്ടുകുടുംബത്തിന്റേതു പോയിട്ട് സ്വന്തം മാതാപിതാക്കളുടെപോലും സഹായവും സാന്നിദ്ധ്യവും മിക്കവർക്കും കിട്ടുന്നുമില്ല. ചുരുക്കത്തിൽ, അവർ കൂടുതൽ അന്തഃസംഘർഷങ്ങൾക്കു വിധേയരാണ്, കൂടുതൽ പരിക്ഷീണരാണ്, കൂടുതൽ ഏകാന്തത അനുഭവിക്കുന്നവരാണ്.

സ്വന്തം സമ്മർദ്ദങ്ങൾ അയച്ചുവിടാനോ വൈകാരികാവശ്യങ്ങൾ നിറവേറ്റാനോ പോലും കഴിയാത്ത അവർക്ക് മക്കളുടെ കാര്യത്തിൽ എത്രമാത്രം ശ്രദ്ധിക്കാൻ കഴിയും? അവരുടെ ആവശ്യങ്ങൾ എത്രകണ്ടു നിറവേറ്റാൻ കഴിയും? പണം കൊടുത്താൽ ചന്തയിൽനിന്നു വാങ്ങാവുന്ന കാര്യങ്ങളല്ല ഇവിടെ ഉദ്ദേശിക്കുന്നത്! സ്നേഹസാമീപ്യവും മാനസികോർജ്ജവും ആദ്ധ്യാത്മികമാർഗദർശനവുമാണ്.

ആന്തരികോർജ്ജം ചോർന്ന്, ഉറച്ച ബോധ്യങ്ങളില്ലാതെ, മൂല്യങ്ങൾ സംബന്ധിച്ച് ആശങ്കകളും ചാഞ്ചല്യങ്ങളുമായി കഴിയുന്ന മാതാപിതാക്കൾ മക്കൾക്ക് എന്ത് മാർഗദർശനമാണു നൽകുക? ചെറുപ്പത്തിൽ കേട്ടുപഠിച്ച പാഠങ്ങൾ മക്കളോട് ആവർത്തിക്കുമെങ്കിലും പലരുടെയും പ്രവൃത്തികൾ അതിനു വിരുദ്ധമായിരിക്കും. പാഠവും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേട് കുട്ടികളെ ആശയക്കുഴപ്പത്തിലാക്കുന്നു! മാതാപിതാക്കളുടെ ധാർമ്മികശക്തി അവർക്കു മുൻപിൽ ചോർന്നുപോകുകയും ചെയ്യുന്നു. തോമസ് ലിക്കോണ എന്ന പ്രശസ്ത ഗ്രന്ഥകാരൻ 'വിദ്യാഭ്യാസം സ്വഭാവരൂപീകരണത്തിന്' (എജ്യുക്കേഷൻ ഫോർ ക്യാരക്റ്റർ) എന്ന ഗ്രന്ഥത്തിൽ പറയുന്നു: "തങ്ങളുടെ ജോലികളിൽ പ്രഗത്ഭരും മിടുക്കരുമായ ധാരാളം രക്ഷിതാക്കൾ ജീവിത മൂല്യങ്ങൾ സംബന്ധിച്ച് തെളിഞ്ഞ ബോധ്യങ്ങളില്ലാത്തവരാണ്. ഇത്, തങ്ങളുടെ മക്കൾക്ക് ധാർമ്മികവിദ്യാഭ്യാസം നൽകുന്നതിലും ധാർമ്മികശക്തി വേണ്ട തീരുമാനങ്ങളെടുക്കുന്നതിലും അവർക്കു തടസമായിത്തീരുന്നു."

കൗമാരപ്രായത്തിലെത്തിയ മക്കളുമായി എങ്ങനെ ഇടപെടണമെന്നറിയാതെ വലയുമ്പോഴും ആ ഇടപെടൽ അനിവാര്യവും അത്യാവശ്യവും ആണെന്നത് എല്ലാവരും തിരിച്ചറിയുന്നു; അംഗീകരിക്കുന്നു. അടുപ്പം പുലർത്തേണ്ടതിന്റെ ആവശ്യകത അറിയാം, എന്നാൽ അതിനു കഴിയുന്നുമില്ല. ഈ പ്രതിസന്ധി പല മാതാപിതാക്കളെയും നിരാശരാക്കുന്നുണ്ട്. ***കുട്ടികൾക്കു കൊടുക്കാൻ കഴിയുന്ന ഏറ്റവും മികച്ച സ്നേഹസമ്മാനമാണ് മാതാപിതാക്കളുടെ കരുതൽ നിറഞ്ഞ പെരുമാറ്റം. കൗമാരത്തിൽ ഇതിനു പ്രാധാന്യം കൂടുന്നു. പരസ്പരബഹുമാനം, സ്നേഹം, അംഗീകാരം, അചഞ്ചലമായ പിൻബലം ഒക്കെയാണ് അവർ ആഗ്രഹിക്കുന്നത്. ഇതു സാധിക്കണമെങ്കിൽ നാം അവർക്കു പൂർണ്ണമായും ചെവി കൊടുക്കണം, പറയാനുള്ളതു മുഴുവൻ കേൾക്കണം,*** നമ്മുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ച് അവർക്കു വഴികാട്ടാൻ കഴിയണം, അവരോടൊപ്പമിരിക്കാൻ സമയം കണ്ടെത്തണം. ജീവിതശൈലികളിൽ കൃത്യമായ പരിധികൾ നിശ്ചയിക്കാനും അമർഷം കൂടാതെ അവരെക്കൊണ്ട് അത് അംഗീകരിപ്പിക്കാനും കഴിയണം. പരിധികൾ ലംഘിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ബോധ്യപ്പെടുത്തണം. ലംഘനങ്ങളെ കർക്കശമായി, എന്നാൽ പാരുഷ്യം കൂടാതെ, നേരിടണം.

ഇതൊക്കെ ഇത്തിരി ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. പക്ഷേ ഫലവും അതുപോലെ വലുതായിരിക്കും സ്നേഹം കൂടുതൽ ഊഷ്മളമാകും. പരസ്പരം കൂടുതൽ അടുത്തറിയും, അടുക്കും; സംഘർഷങ്ങളുടെ എണ്ണവും ആഴവും കുറയും. എന്നുവച്ച് നിങ്ങളുടെ ബന്ധം അയത്നലളിതവും സംഘർഷമുക്തവും ആകുമെന്ന് അർത്ഥമില്ല. കൗമാരക്കാരും മാതാപിതാക്കളും തമ്മിൽ എല്ലാക്കാലവും സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്., ഇനിയും ഉണ്ടാകുകയും ചെയ്യും. തെറ്റിധാരണകളും വൈകാരികമുറിവുകളും ഉണ്ടാകും. മക്കളുടെ ഭാഗത്തു നിന്നു തെറ്റുകൾ ഉണ്ടാകും; മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകും, ഹൃദയപൂർവം തിരുത്തുക. മുറിവുകൾ സുഖപ്പെടുത്തുകയും സ്വയം സുഖപ്പെടുകയും ചെയ്യുക എന്നതാണ് സ്നേഹപൂർണ്ണമായ ബന്ധങ്ങളുടെ ആത്മാവ്.

ജീവിതത്തിലും ബന്ധങ്ങളിലും ആദ്ധ്യാത്മികതയ്ക്ക് വലിയ സ്ഥാനമുണ്ട്. ദൈവത്തിലും നന്മയിലുമുള്ള വിശ്വാസം ഹൃദയങ്ങൾ തുറക്കാനും ബന്ധങ്ങൾ സുഖപ്രദമാകാനും ഏറെ സഹായിക്കും.

# മിഷൻ ഫീൽഡ് അനുഭവങ്ങൾ....

*ജീവിതം സുവിശേഷമായി മാറുകയും ജീവിതസ്വപ്നങ്ങളെ ക്രിസ്തുവിനായി രൂപാന്തരപ്പെടുത്തുകയും ചെയ്ത, അങ്കോല ക്രിസ്തമിത്ര ആശ്രമം ആചാര്യ*

**റവ. ഡോ. കെ. എം. സാമുവേലിന്റെ** *അനുഭവങ്ങൾ*

**ഒ**രു ക്രിസ്തീയ കുടുംബത്തിൽ ജനിച്ച് വളർന്ന എന്നെ സുവിശേഷ പ്രവർത്തനങ്ങൾക്കായി മാതാപിതാക്കൾ സമർപ്പിച്ചിരുന്നു. എന്നാൽ എന്റെ പതിനാറാമത്തെ വയസ്സിൽ യേശുവിനെ രക്ഷകനായി സ്വീകരിച്ചപ്പോൾ മാത്രമാണ് ഞാൻ ക്രിസ്തുവിൽ കൂടെ അനുഭവിച്ച പാപക്ഷമയും സന്തോഷവും അനുഭവിക്കാത്ത ജനതയോട് സുവിശേഷം അറിയിക്കണമെന്നുള്ള ഒരു ആത്മപ്രേരണ എനിക്കുണ്ടായത്. നാലുവർഷം സെമിനാരി പഠനം കർണ്ണാടകയിലുള്ള ബങ്കാരപ്പേട്ട സെമിനാരിയിൽ നടത്തിയതിനാൽ കന്നട ഭാഷയുടെ പഠനം ആരംഭിക്കുവാൻ സാധിച്ചു. സെമിനാരിയുടെ ക്രമീകരണ പ്രകാരം അടുത്തുള്ള ഗ്രാമങ്ങളിൽ പോയി കന്നട ഭാഷയിൽ ഹിന്ദു കുട്ടികൾക്ക് സണ്ടേസ്കൂൾ നടത്തുവാൻ സാധിച്ചു. പഠനശേഷം കന്നട ഭാഷ അല്പം അറിയാമായിരുന്ന എന്നെ, സുവിശേഷസംഘം ഹോസ്ക്കോട്ട മിഷനിൽ ബഹു. ഇ.ജെ. ജോർജ്ജ് അച്ചന്റെ കൂടെ ഒരു സുവിശേഷകനായി പ്രവർത്തിക്കുവാൻ നിയോഗിച്ചു.

കേരളത്തിനു വെളിയിലുള്ള സഭയുടെ മിഷൻ ഫീൽഡിൽ ആദ്യമായി ഞാൻ പ്രവർത്തിച്ചത് ഹോസ്ക്കോട്ടയിലാണ്. ഹോസ്ക്കോട്ട ആശ്രമ സ്ഥാപകരിലൊരാളായ സുവിശേഷകൻ ശ്രീ. എം.റ്റി. ജോസഫിന്റെ സഹപ്രവർത്തകനായി ഗ്രാമങ്ങൾ സന്ദർശിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. ഞങ്ങൾ ഇരുവരും കാൽനടയായി പല ഗ്രാമങ്ങളും സന്ദർശിച്ച് സുവിശേഷം അറിയിച്ചു. ബഹു. ഇ.ജെ. ജോർജ്ജ് അച്ചന്റെ കൂടെ സൈക്കിളിൽ പല ഗ്രാമങ്ങളിലും സന്ദർശിച്ചു. അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രി പ്രവർത്തകരോടുകൂടി ഗ്രാമീണ ക്ലിനിക്കുകൾ സന്ദർശിക്കുന്നതിനും മെഡിക്കൽ പ്രവർത്തനത്തിൽ സഹായിക്കുന്നതിനും, രോഗികളോടും ബന്ധുക്കളോടും സുവിശേഷം പങ്കിടുന്നതിനും സാധിച്ചു.

എന്റെ വിവാഹശേഷം ഞങ്ങൾ കുടുംബമായി ശിവനാപുരം എന്ന ഗ്രാമത്തിൽ താമസിച്ച് സുവിശേഷ പ്രവർത്തനം നടത്തുകയും ആഴ്ചയിൽ ഒരിക്കൽ ഹോസ്ക്കോട്ടയിൽ നിന്നും ശിവനാപുരം സന്ദർച്ചിരുന്ന ഡോ. സോഫി ജോർജ്ജിന്റെ നേതൃത്വത്തിൽ ഒരു ക്ലിനിക്കും നടത്തുവാൻ സാധിച്ചു. ഞങ്ങൾ താമസിച്ച വീടിന്റെ മെഡിക്കൽ ക്ലിനിക്ക് മുറിയിൽ സൗജന്യ ട്യൂഷനും സാക്ഷരതാ ക്ലാസ്സും നടത്തിക്കൊണ്ടിരുന്നതിനാൽ പല യൗവ്വനക്കാരും സുവിശേഷത്തിലേക്ക് ആകർഷിക്കപ്പെട്ടു.

ഹിന്ദു മഠങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചതിനാൽ വേദാന്ത വെങ്കടപ്പ സ്വാമിയും, ചെന്നപ്പ സ്വാമിയും പോൾ, ശീലാസ് എന്ന പുതിയ പേര് സ്വീകരിച്ച് സഭാംഗങ്ങളായി. പിന്നീട് ഒരു അനന്യാസ് സ്വാമിയും വിശ്വാസം സ്വീകരിച്ചു. മറ്റ് ഹിന്ദു മഠങ്ങളിൽ സുവിശേഷം അറിയിക്കുവാൻ ഈ സ്വാമിമാർ പങ്കാളികളായി. ഹോസ്ക്കോട്ടയിലെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ബഹു. ഇ.ജെ. ജോർജ്ജ് അച്ചന്റെ ഉൽസാഹപ്രകാരമാണ് ഞാൻ വൈദീക പരിശീലനത്തിനായി പോയത്.

1978 ജൂൺ മാസത്തിൽ ഞാൻ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചപ്പോൾ അങ്കോല ആശ്രമത്തിന്റെ പ്രവർത്തനത്തിനായി സഭ എന്നെ നിയോഗിച്ചു. അന്ന് അങ്കോലയിൽ ആചാര്യയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബഹു. പി.വി.ഫിലിപ്പച്ചന്റെ താൽപ്പര്യപ്രകാരമാണ് സഭ ഇങ്ങനെ ഒരു ക്രമീകരണം ചെയ്തത്.

ബഹു. പി.വി.ഫിലിപ്പച്ചൻ 1979 -ൽ ഹോസ്ക്കോട്ടയിലേക്ക് സ്ഥലംമാറി പോയപ്പോൾ അങ്കോല ആശ്രമത്തിന്റെ ഭാരിച്ച ചുമതലയാണ് ഞാൻ ഏൽക്കേണ്ടിയിരുന്നത്. 5 വർഷം ആശ്രമത്തിൽ പ്രവർത്തിച്ചു കഴിഞ്ഞപ്പോൾ ഉപരിപഠനത്തിനായി സഭ എന്നെ U.S.A യിലേക്ക് അയച്ചു. പഠനം പൂർത്തിയാക്കിയശേഷം വീണ്ടും അങ്കോലയിൽ നിയമിതനായി.

**ആശ്രമ സ്ഥിരാംഗത്വത്തിനായുള്ള വിളി:**

അങ്കോല ക്രിസ്തമിത്ര ആശ്രമത്തിൽ നേതൃത്വം നല്കുവാൻ ആശ്രമ അംഗത്വം സ്വീകരിക്കേണ്ട ആവശ്യത്തെക്കുറിച്ച് ദൈവ പ്രേരണ ഉണ്ടായപ്പോൾ ആ വിളി അനുസരിക്കുന്നത് ക്ലേശകരമായിരുന്നു എങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ശമ്പളത്തേക്കാൾ പ്രധാനം ദൈവത്തെ അനുസരിക്കുന്നത് ഉത്തമം എന്ന് മനസ്സിലാക്കി സിനഡിന്റെ അനുവാദത്തോടെ കുടുംബമായി ആശ്രമ സ്ഥിരാംഗത്വത്തിലേക്ക് പ്രവേശിച്ചു.

**ഡോ. അന്നമ്മ മാത്യുവിന്റെ നേതൃത്വം:** ബഹു. എ.സി. സഖറിയ അച്ചന്റെ സഹോദരി അവിവാഹിതയായി ആശ്രമ അംഗത്വം സ്വീകരിച്ച് ആശ്രമത്തിൽ സുവിശേഷകയായും പിന്നീട് 40 വർഷം ആശുപത്രിയിൽ ഡോക്ടർ ആയും പ്രവർത്തിച്ചതിനാൽ അനേകം സാധുക്കളുടെ അമ്മയായി ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു.

**സുവിശേഷ ക്യാമ്പുകൾ**: സുവിശേഷം എത്തിച്ചേരാത്ത പല ഗ്രാമങ്ങളിലും സുവിശേഷകർ ഒരുമിച്ച് പോയി താമസിച്ച് സുവിശേഷം അറിയിക്കുവാൻ സാധിച്ചതിനാൽ ഇന്ന് വടക്കേ കർണ്ണാടകത്ത് പല മിഷൻ സെന്ററുകളും പുതിയ ഇടവകകളും രൂപം കൊണ്ടു.

**അഗതികളുടെ സംരക്ഷണം**: സമൂഹത്തിൽ വിലയും നിലയുമില്ലാതെ അലഞ്ഞു തിരിഞ്ഞ് നടക്കുന്നവരെ ശുശ്രൂഷിക്കുവാൻ കഴിഞ്ഞ നാളുകളിൽ ആശ്രമത്തിന് സാധിച്ചു. അനാഥരായ പല കുട്ടികളുടേയും സ്വന്ത ഭവനമായിത്തീർന്ന ആശ്രമത്തിൽ നിന്നുകൊണ്ട് പഠിച്ച്, വളർന്ന് പലർക്കും നല്ല ഭാവി ഉണ്ടാകുവാൻ ദൈവം കരുണ ചെയ്തു. നടുവൊടിഞ്ഞ് ശയ്യാവലംബിയായിരുന്ന തമിഴ്നാട്ട്കാരി കന്യമ്മാൾ എന്ന സ്ത്രീ ആശ്രമ കൂട്ടായ്മയ്ക്ക് അനുഗ്രഹമായി ഭവിച്ചു. ആശുപത്രിയിൽ അവൾ കിടന്ന കിടക്ക രോഗികൾക്കും ആശ്രമ സന്ദർശകർക്കും അനുഗ്രഹകരമായിത്തീർന്നു. ശ്രീ. രാമണ്ണ എന്ന ഒരു യുവാവ് അപകടത്തിൽപെട്ട് അങ്കോല ബസ്സ്റ്റാൻഡിൽ കിടക്കുമ്പോൾ നാലും രണ്ടും വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികൾ ഭിക്ഷയാചിച്ച് ആശ്രമത്തിലെ അച്ചനെ സമീപിച്ചപ്പോൾ, അപ്പനേയും രണ്ട് മക്കളേയും ആശ്രമത്തിൽ കൊണ്ടുവന്ന് ശുശ്രൂഷിക്കുന്നതിനും മക്കളെ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനും സാധിച്ചു. മൂത്ത മകൾ ഒരു നഴ്സായും, ഇളയ മകൾ MSW പാസ്സായ ഒരു Social worker ആയും ജോലി ചെയ്തുകൊണ്ട് കുടുംബ ജീവിതം നയിക്കുന്നു. ശ്രീ. രാമണ്ണ ഇളയ മകളുടെ കൂടെ തന്റെ വാർദ്ധക്യകാലം ചിലവിടുന്നു.

ഒരു വൃദ്ധയായ സ്ത്രീ രോഗബാധിതയായി, മരിക്കാനുള്ള ഒരുക്കത്തോടെ അങ്കോല ഹിന്ദു ശ്മാശനത്ത് കിടക്കുമ്പോൾ ആശ്രമത്തിലേക്ക് വിളിച്ചുകൊണ്ടുവന്ന് രോഗം സുഖപ്പെടുത്തിയശേഷം മന്ദിരത്തിൽ താമസിക്കുന്നു.

പച്ചക്കറി ചന്തയിൽ ഭ്രാന്തിയെപ്പോലെ അലഞ്ഞു തിരിഞ്ഞു നടന്ന ഒരു സ്ത്രീയെ മന്ദിരത്തിൽ കൊണ്ടുവന്ന് താമസിപ്പിക്കുവാനും സാധിച്ചു. HIV രോഗികളെ പലരേയും ശുശ്രൂഷിക്കുവാനും സാധിക്കുന്നു. AIDS രോഗബാധിതരായി മരിക്കുന്ന കുടുംബങ്ങളിലെ അനാഥരും AIDS രോഗബാധിതരുമായ കുട്ടികളെ ശുശ്രൂഷിക്കുന്ന ചുമതലയും 2011 മുതൽ ആശ്രമം ഏറ്റെടുത്തു. ഇപ്പോൾ അതിന്റെ പ്രാരംഭമായി മൂന്നു കുട്ടികളേയും രണ്ട് പ്രായമായവരേയും ശുശ്രൂഷിക്കുവാൻ സാധിക്കുന്നു.


വിശ്വാസത്തിൽ മുമ്പോട്ട് വന്ന് ഹിന്ദു വിശ്വാസവും ആചാരങ്ങളും വിഗ്രഹാരാധനയും ഉപേക്ഷിച്ച് ക്രിസ്തുവിനെ സ്വീകരിച്ച് സഭാംഗങ്ങളായ പലരും സമൂഹത്തിൽ നിന്നുള്ള എതിർപ്പുകളെ വകവയ്ക്കാതെ നല്ല വിശ്വാസത്തിൽ തുടരുന്നു.

മദ്യപാന രോഗികളുടെ വിടുതലിനായി

അങ്കോലയിലുള്ള ഹിന്ദു-മുസ്ലീം സഹോദരങ്ങളുടെ സഹകരണത്തോടെ പ്രയോജനകരമായ ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു. ഇന്നും അത് തുടരുന്നു എങ്കിലും പ്രവർത്തകരുടെ അഭാവം ശുശ്രൂഷയെ സാരമായി ബാധിക്കുന്നു.

പുതിയ പ്രവർത്തകരുടെ അഭാവം അനുഭവമായിക്കൊണ്ടിരിക്കുന്നു. ആശ്രമം ഒരു വിശ്വാസ പ്രസ്ഥാനമായതിനാൽ ആശ്രമാംഗമായി പ്രവർത്തിക്കുവാൻ താൽപ്പര്യപ്പെടുന്ന പട്ടക്കാർക്കും സുവിശേഷകർക്കും ഒരു അലവൻസ് മാത്രമേ ലഭിക്കുകയുള്ളൂ. ശമ്പളം എത്ര ലഭിക്കുമെന്നന്വേഷിക്കുന്നവർക്ക് ആശ്രമാംഗങ്ങളായി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ ആശ്രമ സ്ഥിരാംഗങ്ങളായി ഇരുപതു പേർ മാത്രമാണുള്ളത്. അതിൽ പകുതിയിലധികം അംഗങ്ങളും 65 വയസ്സിനു മുകളിലുള്ളവരാണ്. പുതിയ പ്രവർത്തകരെ ലഭിക്കുന്നില്ല. സജീവ സേവനത്തിലുള്ളലുള്ള ഒരു പട്ടക്കാരൻ മാത്രമാണ് ആശ്രമ അംഗമായിട്ടുള്ളത്. പല യൗവ്വനക്കാരും ആശ്രമത്തിൽ സുവിശേഷകരായി വന്ന് പ്രവർത്തിച്ച് അവരെ പട്ടക്കാരാക്കി ആശ്രമത്തിന് ലഭിക്കുമെന്ന ചിന്തയിൽ സെമിനാരിയിൽ അയയ്ക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും അവരിൽ മിക്കവാറും പേർ ആശ്രമ അംഗങ്ങളായി തുടരാതെ സഭയുടെ ഇടവക ശുശ്രൂഷയിൽ പ്രവേശിച്ചതിനാൽ പുതിയ പട്ടക്കാരെ ലഭിക്കുന്നില്ല എന്നതിനാൽ ആശ്രമത്തിന്റെ ചുമതലകൾ വഹിക്കുന്നതിന് തക്ക വ്യക്തികൾ ഇല്ലാത്ത സ്ഥിതിയിലേക്ക് നീങ്ങുന്ന അവസ്ഥയാണ്. എപ്പിസ്ക്കോപ്പൽ സിനഡ് പട്ടക്കാരെ ആശ്രമ ശുശ്രൂഷയിലേക്ക് ഒരുക്കി അയയ്ക്കുവാൻ പരിശ്രമിച്ചാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും. ആശ്രമത്തിന്റെ വിവിധ ശുശ്രൂഷ രംഗങ്ങളിൽ സേവനം ചെയ്യുവാൻ സമർപ്പിതരായ പ്രവർത്തകരെ ലഭിക്കേണ്ടത് ആവശ്യമാണ്. സഭാ ശുശ്രൂഷയിൽ നിന്നും വിരമിക്കുവാൻ പ്രായം കഴിഞ്ഞിട്ടും അങ്കോല ആശ്രമ ശുശ്രൂഷയിൽ എന്നെ ആവശ്യമുണ്ട് എന്ന ചിന്ത എന്നെ ഭരിക്കുന്നതുകൊണ്ട് ഞങ്ങൾ കുടുംബമായി ആശ്രമത്തിൽ തുടരുന്നു. ഏവരുടെയും പ്രാർത്ഥന അപേക്ഷിക്കുന്നു.

## ആദരാഞ്ജലികൾ.....

| | | | |
|---|---|---|---|
|  |  |  |  |
| **റവ.വി.കെ.ജോൺ** | **റവ.പി.ഡി. മാമ്മൻ** | **റവ.കെ.പി.അലക്സാണ്ടർ** | **റവ.എം.വി.ജോർജ്ജ്** |
| (83) | (80) | (66) | (60) |
| വാരിക്കാട് | തിരുവല്ല | മല്ലപ്പള്ളി | അയിരൂർ |
| 2012 ഫെബ്രു. 22 | 2012 ഫെബ്രു. 13 | 2012 ഫെബ്രു. 4 | 2012 ജനുവരി 18 |

# ക്രിസ്തീയതയിലെ ബദൽ മാതൃകകൾ

*കല്ലിനെ അപ്പമാക്കാനുള്ള വെല്ലുവിളികളെ മറികടന്ന്*
*സ്വയം അപ്പമായി തീരുന്ന ക്രിസ്തുശൈലി*
*ഉയർത്തുന്ന വെല്ലുവിളികൾ അവതരിപ്പിക്കുന്നു*

**റവ. ഷോജി വർഗ്ഗീസ്, അടൂർ**

താൻ ഉണ്ടാക്കിയതിനെ ഒക്കേയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്ന് കണ്ടു. (ഉല്പ.1:31). പിന്നെപിന്നെ ദൈവം ആകുലപ്പെട്ടുതുടങ്ങി. സൃഷ്ടിപ്പിന്റെ പടികൾക്കപ്പുറം ദൈവത്തിനും വഴിമാറി നടക്കേണ്ടി വന്നു, സംരക്ഷണത്തിന്റെ പുത്തൻ മാർഗ്ഗവും അന്വേഷിച്ചുകൊണ്ട് (ഉൽപ്പ.3:21). സ്വാഭാവിക പ്രകൃതിക്രമത്തിനപ്പുറം തോലുടുപ്പുകളുടെ പുത്തൻ ചൂഷണക്രമത്തിലേക്കുള്ള മനുഷ്യന്റെ വളർച്ച. മനുഷ്യന്റെ വളർച്ചാ ചരിത്രം വെളിപ്പെട്ടു വരുന്നത് അത്ര സുന്ദര ചിത്രങ്ങളായല്ല. ആദ്യത്തെ മകൻ കൊലപാതകി. ആദ്യത്തെ മരണം ദുർമരണം. 'എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും' എന്ന് അഭിസംബോധനചെയ്തു തുടങ്ങിയ മനുഷ്യചരിത്രം, താൻ തന്റെ സഹോദരന്റെ കാവൽക്കാരൻപോലുമല്ല എന്ന നിഷേധത്തിലേക്കെത്തിനിൽക്കുന്നു. ചരിത്രങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് ദൈവം അനുതപിച്ചു. അത് അവന്റെ ഹൃദയത്തിനു ദുഖമായി (ഉല്പ.6:6). പറുദീസാ നഷ്ടവും ശാപത്തിന്റെ പിൻവഴികളിലും അതി ദുഖിതനായി തീർന്ന ദൈവത്തിന്റെ വിടുതൽ പദ്ധതിയായിരുനു പുത്രന്റെ അയക്കപ്പെടൽ.

ദൈവം നല്ലത് എന്ന് കണ്ട ഭൂമിയെന്ന ഗോളത്തെ മനുഷ്യപുത്രൻ അനുഭവിച്ച് തുടങ്ങുന്നത് വെല്ലുവിളികളുടെ കളിക്കളമായിട്ടാണ്. പ്രവാസങ്ങൾ, കൊലപാതകങ്ങൾ, ദാരിദ്ര്യം, പരിഹാസങ്ങൾ സാമൂഹ്യ പ്രശ്നങ്ങൾ, വിപ്ലവങ്ങൾ, എന്നിങ്ങനെയുള്ള ലോകം. ബോധം മറഞ്ഞവരും പാപം നിറഞ്ഞവരുമായ ഇരകൾ ഒരുവശത്ത്. സ്തുതിയുടെ ആടകളണിഞ്ഞും വിശുദ്ധിയുടെ



മേലാപ്പണിഞ്ഞുമുള്ള ന്യായകർത്താക്കൾ മറുവശത്ത്. വിധിക്കുന്നവന്റെ പാപങ്ങൾക്ക് ന്യായപ്രമാണത്തിന്റെ പൊരുൾ തിരിക്കലുകൾ മറപിടിച്ചു നിന്നു. അവസരങ്ങൾക്കൊത്ത് അവർ ദൈവത്തെ അൽപാൽപ്പം വ്യാഖ്യാനിച്ചു നൽകി. തങ്ങൾക്കുമനസ്സിലാകാത്ത ദൈവത്തെ അവർക്ക് തന്നെ തിരിച്ചു നൽകി പാപികൾ

തങ്ങളുടെ പാപത്തിന്റെ ലോകത്തിലേക്ക് തിരിച്ചുപോയി. അവിടേക്കായിരുന്നു ദൈവപുത്രന്റെ ആഗമനം. അവൻ അവരോട് ദൈവരാജ്യം പ്രസംഗിച്ചു. അത് ഉപമകളി ലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും അടയാള ങ്ങളിലൂടെയും തന്റെ ജീവിതം കൊണ്ടു തന്നെയും അവൻ കാട്ടികൊടുത്തു. അവർ ദൈവ സാന്നിധ്യം തിരിച്ചറിഞ്ഞു തുടങ്ങി.

എന്നാൽ കഠിനവാക്കുകളിൽ ദൈവത്തെ വിവരിച്ചവർക്ക് ഇത്ര എളിമയിലും ലാളിത്യ ത്തിലുമുള്ള ദൈവകുമാരനെ സ്വീകരിക്കാനാ കുമായിരുന്നില്ല. അവർ, അവൻ ദൈവമല്ലെന്നും ദൈവത്തിനിത്ര ചെറുതാകാനാകയില്ലെന്നും ആണയിട്ടു പറഞ്ഞു. അവർ രാജകീയ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവപുത്ര നെയാണ് കാണാനാഗ്രഹിച്ചത്. അതിന്റെ ഇടവും വലവും തങ്ങൾക്കിരിപ്പിടം ഉണ്ടെന്നും. അവർ അതിനുവേണ്ടി കൊതിച്ചു, പിന്നെ കലഹിച്ചു. അങ്ങനെ വ്യാഖ്യാനിക്കപെട്ട ദൈവവും അവതരിക്കപ്പെട്ട ദൈവവും തമ്മിൽ ചരിത്രത്തിലേററുമുട്ടി. സ്നേഹത്തിന്റെ ഭാഷ മനസ്സിലാക്കാനാകാത്തവർക്ക് ജീവന്റെ ഭാഷയേ മനസ്സിലാകൂ എന്നവൻ തിരിച്ചറി ഞ്ഞപ്പോൾ തന്റെ ജീവനും കൂടെ നൽകാൻ തയ്യാറായി. കൂട്ടുകാരനുവേണ്ടി ജീവനെ നൽകുന്നതിലും വലിയ സ്നേഹം വേറെയില്ലെ ന്നവൻ പഠിപ്പിച്ചു. അവൻ അങ്ങനെ തന്നെ യായി.

## വിളമ്പിയ അപ്പമാകുന്ന ക്രിസ്തു.

(മർക്കോ: 26:17-29)

ഇഹലോകത്തിലെ യാത്രയുടെ ദൈർഘ്യം കുറഞ്ഞുവരുന്ന കാലത്തെത്തിയ പെസഹ, ചരിത്രത്തിലെ അവിസ്മരണീയമായ വിളമ്പി വെക്കലിന്റേതായി. അടിമത്വത്തിൽ നിന്നുള്ള വിടുതലും മരണത്തിൽ നിന്നുള്ള രക്ഷയും അനുസ്മരിക്കുന്നവർക്ക് പുത്തൻ അനുഭവവും പുതിയ നിയമവുമായ പെസഹ. അറുക്കപ്പെട്ട ആടുകളുടെ ഉത്സവത്തിൽ അവൻ തന്നെ അറുക്കപ്പെടുന്ന ആടായി. അവൻ തന്റെ തന്നെ ശരീര രക്തങ്ങളെ അനുസ്മരണത്തിന്റെ പുത്തൻ അടയാള ങ്ങളായി കൽപിച്ചു നൽകി (മത്തായി 26:17-29).



പെസഹായുടെ മേശയിലേക്ക് അപ്പത്തെ കൊതിച്ചെത്തുന്നവർക്ക് അപ്പമാകാനുള്ള പ്രേരണയാണവൻ നൽകി അവസാനിപ്പിച്ചത്. കല്ലിനെക്കൂടി അപ്പമാക്കാനുള്ള തത്രപ്പാടിലോ ടുന്നവർക്ക് അപ്പമാകാനുള്ള മനസ്സുണ്ടാകുമോ? അപ്പത്തിന്റെ തൃപ്തി ഭക്ഷിക്കപ്പെടുന്നതിലാണ്. നുറുക്കപ്പെടാത്തതൊന്നും ഭക്ഷിക്കപ്പെട്ടിട്ടില്ല. ചവച്ചരയ്ക്കപ്പെടാത്തതൊന്നും ശരീരത്തിന്റെ ഭാഗമായിട്ടുമില്ല. അവന്റെ പരസ്യ ശുശ്രൂഷ യുടെ ആദ്യ നാളുകളിൽ പിശാച് അവനോടു ചോദിച്ചത് കല്ലുകളെ അപ്പമാനാകുമോ യെന്നാണ് (ലൂക്കോ.4:3). ജീവിതം കൊണ്ട് അവൻ മറുപടിപറഞ്ഞത് ഒരുവൻ അപ്പമായി ത്തീരുന്നതെങ്ങനെയെന്നും. കല്ലുകൾ അപ്പ മായിത്തീരുന്നതിനേക്കാൾ പ്രധാനമാണ് മനുഷ്യൻ തന്നെ അപരനുവേണ്ടി അപ്പമായി തീരുന്ന തെന്നവൻ പഠിപ്പിച്ചു. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് ജീവനെക്കൊടുക്കുന്ന അപ്പം താൻ തന്നെയാണന്നവൻ പറഞ്ഞതങ്ങ നെയാണ്. നിങ്ങൾക്ക് വിശക്കാതെയും ദാഹിക്കാതെയും ഇരിക്കേണ്ടതിന് എത്തിചേരേ ണ്ടതായ അവസാന ഇടവും ഇതു തന്നെയാണ് (യോഹ. 6: 33-35). നമ്മുടെ കൊതികൾ അവസാനിപ്പിക്കുന്നതിനും നമുക്ക് വിശക്കാ തെയിരിക്കേണ്ടതിനും അങ്ങനെ അവൻ വിളമ്പിവെക്കപ്പെട്ടതായ ഭക്ഷണമായി. നമ്മുടെ അടങ്ങാത്ത കൊതികൾ സൂചിപ്പിക്കുന്നത് ഇപ്പോഴും നാം ഈ ഭക്ഷണത്തിന്റെ ഭാഗമായി ട്ടില്ലെന്നു തന്നെയാണ്.

## നാലാമത്തെ ഇരിപ്പിടത്തിലെ ക്രിസ്തു.

(യോഹ: 13:4-16)

അനുഗ്രഹത്തിന്റെ വഴിയാത്രകളിലൊക്കെ, മനുഷ്യപുത്രൻ അനുഭവിക്കാനുള്ള വ്യഥകളെക്കുറിച്ച് പങ്കു വെച്ചപ്പോഴും സെബദിപുത്രന്മാർ കാത്തുനിന്ന് പങ്കുവെച്ച വിചാരങ്ങൾ തങ്ങളുടെ ഇരിപ്പിടങ്ങളെക്കുറിച്ചായിരുന്നു (മർക്കോ.10:37). തങ്ങളിലാരാണ് വലിയവനെന്നും ആർക്കാണ് വലത്തിരിക്കാനാവുകയെന്നതും അവരുടെ സംവാദ വിഷയങ്ങളായി. തങ്ങളുടെ ഗുരുവിന്റെ ഇടതും വലതുമിരിക്കുന്ന സുന്ദര സ്വപ്നം പേറിയവർക്കു മുമ്പിൽ ഗുരു തന്റെ ജീവിതം കൊണ്ട് നാലാമത്തെ ഇരിപ്പിടം കാട്ടികൊടുക്കുന്നു. പെസഹായുടെ പങ്കുവെക്കൽ രാത്രിയിൽ ആതിഥേയനും ഗുരുവുമായവൻ എല്ലാം അറിഞ്ഞിരിക്കേ അത്താഴത്തിൽ നിന്നും എഴുന്നേററ് വസ്ത്രം ഊരിവച്ച്, ഒരു തുവർത്ത് എടുത്ത് അരയിൽ ചുററി. ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുററിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി (യോഹ.13:4 5). 'കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു. ഇടതും വലതും ഇരിക്കുന്നതിന്റെ സാധ്യതകൾ തിരയുന്നവർക്കു മുമ്പിൽ അതല്ലാതെ ഒരു ഇരിപ്പിടമുണ്ടെന്ന് കാട്ടികൊടുക്കുന്ന മിശിഹായ്ക്ക് മുമ്പിൽ ഏററവും നൊമ്പരപ്പെട്ടുപോയവൻ പത്രോസാണ്(യോഹ.13:6-8). യാഥാർത്ഥ്യങ്ങളും സ്വപ്നവും തമ്മിലുള്ള അന്തരം എത്ര വലുതെന്ന തിരിച്ചറിവുകൾ ഉണർന്നു വരുമ്പോൾ പത്രോസും കാൽ നിവർത്തിപ്പോകുന്നു. പിന്നെ അവന്റെ കരച്ചിലാണ്: 'എന്റെ കാലു മാത്രമല്ല കൈയും തലയും കൂടെ.' നിന്നെ മനസ്സിലാക്കി വരുമ്പോൾ എന്നിൽ കഴുകപ്പെടേണ്ടതല്ലാത്തതായി മറെറന്തുണ്ട്? ക്രിസ്തു താണിറങ്ങിയിരുന്ന നാലാമത്തെ ഇരിപ്പിടത്തിന്റെ ശക്തിയാണത്. യഥാർത്ഥത്തിൽ, ഞാൻ വിജയിച്ചപ്പോഴൊക്കെ പരമമായ തോൽവിയായിരുന്നുവെന്നും ദൈവത്തോടൊത്ത് തോൽവികളെ പുൽകിയപ്പോഴായിരുന്നു ഞാൻ യഥാർത്ഥത്തിൽ വിജയിച്ചതെന്നും ഇനി നാം എപ്പോഴാണ് മനസ്സിലാക്കുക.

## ഗത്ശമനയിൽ രക്തത്തുള്ളികൾ അണിഞ്ഞ ക്രിസ്തു (ലൂക്കോ: 22:39-44)

അപ്പത്തിന്റെ തൃപ്തിയും പാനപാത്രത്തിന്റെ പങ്കുവെക്കലും ആഘോഷങ്ങളായി ആവർത്തിക്കുമ്പോഴും സംഭവിക്കാവുന്ന ഒരപചയത്തിന് വിരുന്നിടം സാക്ഷ്യം വഹിക്കുന്നു. വിരുന്നിന്റെ അന്ത്യത്തോളം കാത്തിരിക്കാനാകാത്തവിധം അസ്വസ്ഥപ്പെട്ട ഒരുവൻ വിരുന്നിലുണ്ട്. വിരുന്നിൽ ഒപ്പമിരിക്കുമ്പോഴും തന്നെകാത്തിരിക്കുന്ന ഗൂഢാലോചനക്കാരെക്കുറിച്ചുള്ള വിചാരങ്ങളാണവന്. ഒന്നിച്ചിരിക്കുമ്പോഴും ഒററുകൊടുക്കുന്നവന്റെ മനസ്സ്. സ്നേഹത്തിന്റെ അടയാളങ്ങളൊക്കെ എത്രപെട്ടന്നാണ് അർത്ഥം മാറിയെത്തുക? സ്നേഹത്തിന്റെ ചുംബനത്തിൽ പോലും ചൂണ്ടികൊടുക്കലിന്റെ അടയാളം ഒളിപ്പിച്ച് ഒപ്പം നടക്കുക. മററാരും എന്നെ അറിഞ്ഞിട്ടില്ലാത്തവിധം നീ എന്നെ അറിഞ്ഞത് ഇതിനു വേണ്ടിയായിരുന്നോ? വിരുന്നു ശാലയിൽ നീ പരിഭ്രമത്തിൽ ഒഴുക്കിയ വിയർപ്പിൻ തുള്ളികൾക്ക് ഗത്ശമനയിലെ രക്തത്തുള്ളികൾകൊണ്ടാണെനിക്ക് മറുപടി പറയാനാവുക. എന്റെ അരികിൽ ചേർന്നിരുന്ന് എന്നോടൊപ്പം താലത്തിൽ കൈമുക്കുന്നവൻ എന്റെ ആരാണ്? ദലീലയുടെ പ്രണയം പോലെ... ക്രൂരമാണത്. പ്രാണസഖിയുടെ മുടിയിഴകളിൽ പ്രണയത്തിന്റെ വിരലോട്ടങ്ങൾ നടത്തിയതൊക്കെ അവന്റെ ശിരോജഡകളെണ്ണാനും കൂടെയായിരുന്നല്ലോ? അവൻ ഉറങ്ങിയപ്പോഴും അവൾ ഉറങ്ങാതിരുന്നത് കാവൽക്കാരിയായിട്ടല്ല കാപാലികയായിട്ടായിരുന്നല്ലോ? അവൻ വിശ്വസിച്ച് പറഞ്ഞു തീർത്ത കഥകളൊക്കെ

അവന്റെ ആയുസ്സിന്റെ ചരമക്കുറുപ്പുകളായി തീർന്ന് പോയെന്ന്! ജീവിത വഴികളിൽ നാമും കണ്ടെത്തുകയും കഥാപാത്രങ്ങളാവുകയും ചെയ്തുകൊണ്ടിരിക്കുന്നത് ഇതൊക്കെയാ കാനാണോ? മറുപടികളുണ്ടാവുക ഗത്



ശമനയിലെ രക്തത്തുള്ളികളായിട്ടാവും.

## കുതിരയെടുപ്പല്ല ക്രൂശെടുപ്പ് എന്ന് പഠിപ്പിക്കുന്ന ക്രിസ്തു

(ലൂക്കോ: 23:26-38, യോഹ: 19:1-22)

ക്രൂശിലേക്കുള്ള യാത്ര മിശിഹാ സമ്പന്ന മാക്കിയത് ഒപ്പമുണ്ടായിരുന്നവർക്കൊക്കെ അപ്പമായി തീർന്നിട്ടാണ്. എന്നിട്ടും ദൈവരാജ്യ ത്തിന്റെ നിവൃത്തിക്കായവൻ ഭക്ഷിക്കാതെ യിരുന്നു. എല്ലാവരും ദാഹിക്കാതെയിരി ക്കേണ്ടതിനു കൊതിച്ചവൻ ദാഹിച്ചിട്ടും കുടിക്കാതെയുമിരുന്നു. ആരും തനിച്ചായി പ്പോകരുതെന്ന് കൊതിച്ചവൻ ക്രൂശെടുത്ത പ്പോൾ തനിച്ച് നടന്നു. ഒപ്പമുണ്ടായിരുന്നവർ കൂട്ടാളികളായിരുന്നില്ല പടയാളികളായിരുന്നു. അവർ തിരക്കിട്ട് ചീട്ടിട്ടത് വിടുവിക്കാനല്ല, വീതം വെക്കാനായാണ്. വസ്ത്രം വിററും വാളു വാങ്ങിയവർ സ്വയ രക്ഷക്കായി ഓടിയൊളിച്ചു. ഗോൽഗോഥായെന്ന തലയോടുകളുടെ കുമ്പാരപ്പറമ്പിലേക്കുള്ള സഹായി കുറേന ക്കാരനും. അവനെക്കൂടി കണ്ടിട്ടാകണം ക്രൂശെടുപ്പ് ഒരു നൊമ്പരാനുഭവമാണെന്ന് മുൻകൂട്ടി അവൻ പഠിപ്പിച്ചത്: 'ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ തന്നെത്താൻ തൃജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെയെന്ന്' (മത്താ.16.24). ക്രൂശെടുപ്പിന്റെ വില സ്വന്തം ജീവന്റെ വിലയാണ്. ആർക്കാണ് തന്നെത്താൻ മറന്ന് തന്റെ ക്രൂശെടുത്ത് മിശിഹായെ അനുഗമി ക്കാനാവുക..? ഈ നൊമ്പരവഴി കഠിന മെന്നറിഞ്ഞ് നാമിതിനെ കുതിരയെടുപ്പു കളാക്കി. ഓരോ ഉത്സവക്കാലത്തേയും നമ്മുടെ സമൃദ്ധിയുടെ അടയാളമായി കുരിശ് മാറി വരുന്നു. ഉന്തിയും വലിച്ചും ഉയർത്തിയും ആർപ്പുവിളിച്ചും ആഘോഷിച്ചും കൊണ്ടു നടക്കാവുന്ന കുതിരകൾ (കുരിശുകൾ). വർഷാവർഷത്തെ ആഘോഷങ്ങൾ. അതിൽ കുരിശിനേക്കാൾ ഉയർന്നു വരുന്ന നമ്മുടെ മുഖങ്ങൾ, നഷ്ടപ്പെടുന്ന ക്രിസ്തു. നൊമ്പരപ്പെടാൻ തയ്യാറില്ലാത്തവരുടെ പ്രകടനങ്ങൾ. ഇത് കുതിരയെടുപ്പല്ലേ? കുരിശ്, സ്വയം ശൂന്യമാകുന്നതിന്റെ അടയാളമാണ്. ഒരു മഹത്വീകരണ സ്ഥലമാണത്. ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടവൻ ആകർഷണ കേന്ദ്രമാകുന്നിടം. പുത്രൻ പിതാവിനെമഹത്വ പ്പെടുത്തുന്ന സ്ഥലം. പിതാവ് പുത്രനെ മഹത്വപ്പെടുത്തുന്ന വേദി. ഇവിടേക്ക് നൊമ്പരമില്ലാതെ ആർക്കാണെത്താനാവുക...... തിരിച്ചറിയുക, കുതിരയെടുപ്പുത്സവക്കാരല്ല ദൈവ രാജ്യത്തിന്റെ അനുഭവക്കാർ. അത് ക്രൂശെടുത്ത് നടക്കുന്നവരുടേതാണ്. എന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തി എടുക്കുന്ന ദൈവപ്രതിരൂപമാണ് കുതിരകൾ. എന്നാൽ ദൈവത്തിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് എന്റെ ഇഷ്ടങ്ങൾ വേണ്ടെന്നു വയ്ക്കു ന്നതാണ് ക്രൂശ്. ഓരോ ക്രൂശും മരണത്തെ കുറിക്കുന്നു. അത് അവസാനമല്ലെന്ന് ക്രിസ്തുവിന്റെ ഉയിർപ്പും പറയുന്നു. ഒഴിഞ്ഞ കല്ലറയും കുരിശും അടയാളങ്ങളാണ്, 'അവൻ ഇവിടെയില്ലെന്ന്, അവൻ പോയതുപോലെ വീണ്ടും വരുമെന്ന്. അവൻ ഗോൽഗോ ഥായിലെ അവശിഷ്ടമോ കല്ലറയ്ക്കലെ തിരുശേഷിപ്പോ അല്ല. ഇരുന്നവനും ഇരിക്കു ന്നവനും വരുവാനിരിക്കുന്നവനുമാണ്.

# മൂറോൻ കൂദാശ

- ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ

**പൗ**രസ്ത്യ സഭകൾ സവിശേഷ പ്രാധാന്യം കൊടുക്കുന്ന ഒരു ശുശ്രൂഷയാണ് വിശുദ്ധമൂറോൻ കൂദാശ. പടിഞ്ഞാറൻ സഭകളിലും വിശുദ്ധ മൂറോൻ (Chrism) ഉപയോഗിക്കുന്നവർ ഉണ്ട്. ഒരു സഭയുടെ ഐക്യത്തിന്റെയും പൂർണ്ണതയുടെയും പ്രതീകമായി ഈ കൂദാശയെ കണക്കാക്കാം. കൊരിന്ത്യർ 2:15ൽ പറയുന്ന 'ക്രിസ്തുവിന്റെ സൗരഭ്യ'മാണ് ഈ തൈലത്തിന് നിദാനം. എന്നാൽ പാരമ്പര്യത്തിന്റെ ആരംഭം, പഴയ നിയമത്തിൽ മഹാപുരോഹിതനായി അഹരോന്റെ മേൽപൂശുന്നതിന് യഹോവ കല്പിച്ച് ഉണ്ടാക്കിയ പരിമളതൈലമാണ് (പുറപ്പാട് 30 : 22-23, സങ്കീർത്തനം 133:2), ആദിമ നൂറ്റാണ്ടുകളിൽ മെത്രാന്മാർ അവർക്കാവശ്യമായ തൈലം ശുദ്ധീകരിച്ച് ഉപയോഗിക്കുകയായിരുന്നു പതിവ്. പിന്നീട് നാലാം ശതാബ്ദം മുതൽ സഭയിലെ പുരോഹിത വൃന്ദം ഒന്നായി കൂടിവന്ന് അതിന്റെ ശുദ്ധീകരണം പൂർത്തീകരിച്ചുവന്നു.

സാധാരണയായി 'മൂറോൻ കൂദാശ' എന്നു നാം പറയാറുണ്ട്. എങ്കിലും മൂറോൻ ഇരട്ടിപ്പിക്കുന്ന (വർദ്ധിപ്പിക്കുന്ന) ശുശ്രൂഷയാണ് നമ്മൾ അനുഷ്ഠിക്കുന്നത്. പാലക്കുന്നത്ത് വലിയ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ ബാവായിൽ നിന്ന് മേല്പട്ടസ്ഥാനം സ്വീകരിച്ച് 1842-ൽ മലങ്കരയിലേക്ക് വരുമ്പോൾ മൂറോൻ കൂടെ കൊണ്ടുവന്നിരുന്നു. നേർത്ത തുകലിൽ പൊതിഞ്ഞ ആ സ്ഫടിക ഭരണിയും വിശുദ്ധ മൂറോനും ഇന്നും സഭ പൗരാണിക സ്വത്തും ആത്മാഭിമാനത്തിന്റെ രത്നവുമായി സൂക്ഷിക്കുന്നു. മാർ അത്താനാസ്യോസിന് നൽകിയ സ്ഥാത്തിക്കോനിൽ (അധികാര പത്രം) മൂറോൻ സംബന്ധിച്ച വിഷയം പരാമർശിച്ചിട്ടുണ്ട്. " നമ്മുടെ മക്കളേ, പിന്നെയും നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നതെന്തെന്നാൽ നമ്മുടെ പുത്രൻ മാത്യൂസ് മെത്രാപ്പോലീത്തായുടെ കൈവശം നിങ്ങളുടെ മക്കൾക്കായിട്ട് ശുദ്ധീകരിക്കപ്പെട്ട മൂറോൻ കൊടുത്തയച്ചിരിക്കുന്നു. നമ്മുടെ കർത്താവീശോമ്ശിഹായുടെ കബറിൽ നിന്നുള്ള ഉർത്തെഴുന്നേല്പിന്റെ വലിയ പെരുനാളിന്റെ ശേഷം ഇനിയും മൂറോൻ ശുദ്ധീകരിപ്പാൻ നാം ആശിക്കുന്നു. വീണ്ടും നിങ്ങൾക്ക് നാം അയച്ചുതരും. ഇങ്ങനെ നിങ്ങൾക്ക് അറിയപ്പെട്ടിരിക്കട്ടെ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി ആമ്മീൻ"

ശുദ്ധീകരിക്കപ്പെട്ട തൈലത്തിൽ നിന്നും കുറച്ച് എടുത്ത് അന്ത്യോഖ്യായിൽ നിന്നും കൊണ്ടുവന്ന മൂറോനിൽ കലർത്തുന്നു. തുടർന്ന് കലർത്തപ്പെട്ട മൂറോനിൽ നിന്നും അല്പം എടുത്ത് ഇപ്പോൾ ശുദ്ധീകരിച്ച തൈലത്തിലേക്ക് പ്രധാനകാർമ്മികൻ കലർത്തുകയും മൂറോൻ വർദ്ധിപ്പിക്കുന്ന ശുശ്രൂഷയിൽ പങ്കാളിയാവുകയും ചെയ്യുന്നു. പരിശുദ്ധാത്മാവാകുന്നു സഭയിലേക്ക് വിശ്വാസികളെ ഉരുവാക്കുകയും ചേർക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആൾ. അന്ത്യോഖ്യായിലെയും മലങ്കരയിലെയും സഭകൾ തമ്മിലുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും ഐക്യത്തിന്റെയും പൂർണ്ണപ്രതീകമാണ് ഈ ശുദ്ധീകരിക്കപ്പെടുന്ന വിശുദ്ധ മൂറോൻ. ഇത് ദൈവീക ഇടപാടിൽ വന്നു സംഭവിച്ചതാണ്. നമുക്ക് സന്തോഷവും ലോകർക്ക് ആശ്ചര്യവും എതിരാളികൾക്ക് മനസിലാക്കാൻ കഴിയാത്ത മർമ്മവുമായി തീർന്നിരിക്കുന്നു. ഇപ്രകാരമുള്ള വർദ്ധിപ്പിക്കൽ / ഇരട്ടിപ്പിക്കൽ ലോകത്തിൽ മറ്റൊരു സഭയിലും ഇല്ല എന്നു പറയാം. വിശുദ്ധ മൂറോൻ ശുശ്രൂഷയിലൂടെ ഒന്നായിരിക്കുന്ന സഭാംഗങ്ങൾ തമ്മിൽ വിശുദ്ധ കുർബ്ബാനയിൽ പങ്കാളിത്തം ഇല്ല എന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. സഭാംഗങ്ങൾ തമ്മിൽ തമ്മിലും സഭാനാഥനായ കർത്താവും രക്ഷകനും ദൈവവുമായുള്ള ബന്ധത്തിലും നിലനിൽക്കുന്നതിനും ഐക്യപ്പെടുന്നതിനും ഈ ത്രിത്വരഹസ്യത്തിൽ ഒന്നാക്കപ്പെടുന്നതിനും മൂറോന്റെ ശുശ്രൂഷമൂലം സാധിക്കുന്നു. ഈ വിശുദ്ധബന്ധത്തിന്റ അന്തർധാരയാകാം അന്ത്യോക്യയിലെ പാത്രിയർക്കീസ് സഖാപ്രഥമൻ തിരുമനസിനെ 1982-ലെ മാരാമൺ മഹായോഗത്തിലേക്ക് നയിച്ച ആന്തരിക ശക്തിയും പ്രേരണയും പ്രചോദനവും.

പരിശുദ്ധത്രിത്വത്തിലെ ഐക്യംപോലെ പരിശുദ്ധാത്മാവിൽ എല്ലാ വിശ്വാസികളെയും ഒന്നായി മുദ്രയിടുന്ന ഈ അഭിഷകതൈലം വിശ്വാസികളായി തീരുന്ന എല്ലാവർക്കുമുള്ള അപ്പോസ്തോലിക പിന്തുടർച്ചാ പൗരഹിത്യത്തിന്റെ മുദ്രയും, വാടാത്ത കിരീടങ്ങളുടെ അടയാളവും, വീണ്ടും ജനത്തിന്റെ അച്ചാരവുമാകുന്നു. വിശുദ്ധ സ്നാനത്തോടു ചേർന്നു തന്റെ വിശുദ്ധമൂറോന്റെ ശുശ്രൂഷയാകുന്ന സ്ഥിരീകരണ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നു. 'അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്' (എഫെസ്യർ 4:30)

"സത്യവിശ്വാസികൾക്ക് നൽകപ്പെടുന്ന പരിശുദ്ധറൂഹായുടെ പരിപൂർണ്ണ നൽവരത്തിന്റെ ലക്ഷ്യമായി വിശുദ്ധമൂറോൻകൊണ്ട് പിതാവിന്റെയും പുത്രന്റേയും ജീവനും വിശുദ്ധിയുമുള്ള

റൂഹായുടേയും നാമത്തിൽ (ഇന്നാര്) അഭിഷേകം ചെയ്യപ്പെടുന്നു" ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ട് കാർമ്മികൻ സ്നാനപ്പെട്ടവരുടെ നെറ്റിയിലും നെഞ്ചത്തും കൈകാലുകളിലും വിശുദ്ധമൂറോനാൽ അഭിഷേചിക്കുന്നു. സഭയിലേക്ക് ചേർക്കപ്പെടുന്ന അംഗങ്ങളെ സഭയിലേക്ക് സ്വീകരിക്കുന്നതിനും അവരുടെ തലയിൽ കൈവച്ച് പരിശുദ്ധാത്മദാനത്തിനായി പ്രാർത്ഥിക്കുന്നതിനും സഭയുടെ മെത്രാപ്പോലീത്തായ്ക്ക് സാവകാശം ലഭിക്കാതെ വന്ന അവസ്ഥയിലാണ് മെത്രാപ്പോലീത്തായ്ക്ക് വേണ്ടി വൈദികരായ കാർമ്മികർ ഈ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് സഭ നിഷ്ക്കർഷിക്കുന്നത്. ദൈവാലയ പ്രതിഷ്ഠയ്ക്കും വിശുദ്ധ മൂറോനാണ് ഉപയോഗിക്കുന്നത്. ദൈവാല ത്തിന്റെ അടിസ്ഥാന ശിലമുതൽ പ്രതിഷ്ഠവരെ വിശുദ്ധ മൂറോൻ ഉപയോഗിക്കുന്നു. ദൈവാലയത്തിൽ പരിശുദ്ധാത്മാവിന്റെ ദിവ്യചൈതന്യം നിറഞ്ഞു നിൽക്കുന്നതിന് ഇവകാരണമാകുന്നു. ശരീരവും ദൈവാലയവും ദൈവത്തിന്റെ മന്ദിരമായി തീരുന്നതിലേയ്ക്ക് ഈ അഭിഷേകം കാരണമാകുന്നു. ഒരു വ്യക്തിയിൽ ഒരു തവണമാത്രമെ വിശുദ്ധ മൂറോൻ അഭിഷേചിക്കുകയുള്ളൂ.

ഒലിവെണ്ണയാണ് ഈ തൈലത്തിന് അടിസ്ഥാനവസ്തു. സ്റ്റൊറാക്കസ്, ബൽസായ് എന്നീ സൗരഭ്യവസ്തുക്കൾ ജഡമാഞ്ചി, കറുവാപ്പട്ട, ഗ്രാമ്പു, കുങ്കുമം, ചുക്ക്, കുരുമുളക് എന്നിവ പ്രത്യേക അനുപാതത്തിൽ ചേർത്ത് മൂന്നു മണിക്കൂർ തിളയ്ക്കുന്ന വെള്ളത്തിൽ വെച്ചാണ് ഇവ പാകപ്പെടുത്തുന്നത്.

പൂലാത്തീനിൽ കൂദാശയ്ക്ക് ഒരാഴ്ച മുമ്പ് ആവശ്യമായ വസ്തുക്കൾ വൃത്തിയും വെടിപ്പുമാക്കിവയ്ക്കും. മെത്രാപ്പോലീത്താ തിരുമേനി പ്രാർത്ഥന ചൊല്ലി, വൈദികരുടെ മേൽനോട്ടത്തിൽ അവ പൊടിച്ചുവയ്പിക്കും. കൂദാശയുടെ തലേന്ന് തിളയ്ക്കുന്ന എണ്ണയിൽ സുഗന്ധവർഗങ്ങൾ ഓരോന്നായി ചേർത്ത് ഇളക്കിക്കൊണ്ടിരിക്കും. (അരച്ചെടുത്ത ചന്ദനം, മുറിച്ചെടുത്ത സാമ്പ്രാണിത്തിരികൾ, കോലരക്ക്, കർപ്പൂരം, തേക്കിന്റെ ഇളം കിളിർന്ന് തുടങ്ങിയവ) തുടർന്ന് തൈലം തണുപ്പിക്കുന്നു. അടുത്ത ദിവസം നടക്കുന്ന ശുശ്രൂഷക്കുവേണ്ടി പുതിയതും തുടച്ച് വെടിപ്പാക്കിയതുമായ പാത്രങ്ങളിലേക്ക് തൈലം പകരപ്പെടുന്നു.

മുൻപ് നടന്ന ഒരു കൂദാശയുടെ ശുശ്രൂഷ ഇപ്രകാരം ആണ്. "വരിക നൽവരങ്ങളെ തരിക ആവിയേ" എന്നു തുടങ്ങുന്ന കീർത്തനം പാടി ശുശ്രൂഷ ആരംഭിച്ചു. മൂറോൻ കൂദാശക്രമം അനുസരിച്ചുള്ള ശുശ്രൂഷകൾക്ക് എപ്പിസ്കോപ്പാമാർ നേതൃത്വം നൽകി. പ്രധാനകാർമ്മികൻ ചൊല്ലി,

'കർത്താവേ, ഞങ്ങളെയും ഞങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്ന തൈലത്തേയും നീ വാഴ്ത്തേണമേ, ശുദ്ധീകരിക്കേണമേ, ഇതുകൊണ്ട് പൂശപ്പെടുകയുംമുദ്രകുത്തപ്പെടുകയും ചെയ്യുന്ന എല്ലാവരേയും അനുഗ്രഹിക്കേണമേ, ഈ വിശുദ്ധ മൂറോൻ പൗരോഹിത്യപരമാകുന്നു, ഇത് രാജകീയ മൂറോനാകുന്നു. ഇതിനാൽ മുദ്രകുത്തപ്പെടുന്നവർക്ക് ഇത് സന്തോഷത്തിൻ തൈലവും ശോഭയുടെ വസ്ത്രവും, രക്ഷയുടെ അങ്കിയും, ജീവന്റെ കാവലും, ആത്മീയ നൽവരയും, ആത്മ ശരീര വിശുദ്ധിയും ലോകത്തിൽ ആനന്ദവും, അക്ഷയമായ ആഹാരവും ഭംഗം വരാത്ത മുദ്രയും വിശ്വാസത്തിന്റെ ആയുധവും അകൽകറുസായുടെ സർവ്വ പ്രവർത്തനങ്ങൾക്കും എതിരെ കവചവുമായിരിക്കണമേ.'

തുടർന്ന് പഴയനിയമപാഠവും (പുറപ്പാട് 30:22-31), പുതിയനിയമപാഠവും (1 യോഹന്നാൻ 2:20, 3:1) വായിച്ചു. പ്രധാന കാർമ്മികൻ ഏവൻഗേലിയോൻ (മത്തായി 26:6-13) വായിച്ചു തുടർന്ന് കൂദാശയുടെ രണ്ടാം ഭാഗം ആരംഭിച്ചു. തൈലത്തിന്മേൽ കൈ ആവസിപ്പിച്ച് പ്രധാന കാർമ്മികൻ ചൊല്ലി.

"ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളോട്കരുണ ചെയ്യണമേ. നിന്റെ കരുണ നിറഞ്ഞ തിരുമുഖം ഞങ്ങളുടെമേലും ഈ തൈലത്തിന്മേലും നീ പ്രശോഭിക്കണമേ. കർത്താവേ നിന്റെ ശക്തികൊണ്ടും ഏകജാതന്റെ കൃപകൊണ്ടും, നിന്റെ വിശുദ്ധാത്മാവിന്റെ വ്യാപാരം കൊണ്ടും ഈ തൈലത്തെ ശുദ്ധീകരിക്കണമേ. എന്തെന്നാൽ നീ വിശുദ്ധനും സർവ്വനന്മകളെ പ്രദാനം ചെയ്യുന്നവനും ആകുന്നുവല്ലോ. ഞങ്ങൾ നിനക്കും, നിന്റെ ഏകജാതനും, നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊള്ളുന്നു"

ഈ പ്രാർത്ഥന ചൊല്ലി പൗരസ്ത്യ ക്രമമായി മൂന്നു പ്രാവശ്യം റൂശ്മാചെയ്തു ത്രിത്വനാമത്തിൽ മുദ്രയിട്ടു. തുടർന്ന് 'മാലാഖമാർ സ്തുതിക്കുന്ന ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന കൗമായും, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയും ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ എന്നു തുടങ്ങുന്ന ആശിർവാദവും ചൊല്ലി മൂറോൻ ശുശ്രൂഷ പൂർണ്ണമാക്കപ്പെട്ടു. പ്രധാന കാർമ്മികന്റെ കൈമുത്തി എല്ലാവരും സമാധാനം ചുംബനം സ്വീകരിച്ച് ചടങ്ങുകൾ സമാപിച്ചു.

പുതിയ നൂറ്റാണ്ടിൽ ഈ കൂദാശയുടെ അനുഷ്ഠാനം കൂടുതൽ അർത്ഥവത്തുംകാലോചിതമാക്കുവാൻ ശ്രമിക്കാം. സഭ മുഴുവൻ, കുട്ടികളും യുവജനങ്ങളും സ്ത്രീപുരുഷന്മാരും വൈദികവൃന്ദത്തോടൊപ്പം ഈ ശുശ്രൂഷയ്ക്കായിഒരുക്കപ്പെടണം. പ്രാർത്ഥനയുടേയും അനുതാപത്തിന്റെയും ശക്തി സഭ തിരിച്ചറിയണം. അനുതപിക്കുന്നവർക്ക് പാപക്ഷമയിലൂടെ പരിശുദ്ധാത്മശക്തി പ്രാപിക്കുന്നതിനായി സഭ ഒരുക്കപ്പെടണം. സഭയുടെ ഐക്യത്തിന്റെയും ആരോഗ്യകരമായ വളർച്ചയുടേയും ലക്ഷണമായി അതു പരിണമിക്കണം. സഭ ഒന്നാണെന്നും ഐക്യപ്പെടുത്തുന്നത് പരിശുദ്ധാത്മാവാകുന്നു എന്ന് സാക്ഷിക്കുന്നതിന് വിവിധസഭാ മേലദ്ധ്യക്ഷന്മാരെയും ഈ ശുശ്രൂഷയ്ക്ക് പങ്കുകാരും സഹകാർമ്മികരുമാക്കുന്നത് അഭിലക്ഷണീയമായിരിക്കും. കാലാന്തരത്തിൽ വിശുദ്ധ മൂറോൻ ഉപയോഗിക്കുന്ന സഭകൾ ഒന്നായി ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുകയും സഭൈക്യം ഒരു യഥാർത്ഥ്യമായിത്തീരുകയും ചെയ്യും. ആ നല്ല നാളിനായി പ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം. ദൈവം സഹായിക്കട്ടെ.

ചിത്രീകരണം

# ആർത്തബാന്റെ യാത്ര

ജോസ് കാത്താടം

*മുൻലക്കത്തിൽ....*

*തനിക്കുള്ളതൊക്കെയും വിറ്റ് വിലകൂടിയ മൂന്ന് രത്നങ്ങളും വാങ്ങി യേശുക്കുഞ്ഞിനെ കാണുവാൻ പുറപ്പെട്ടു ആർത്തബാൻ. വഴിയിൽ മുറിവേറ്റുകിടന്ന ഒരു യാത്രക്കാരനെ രക്ഷിക്കുവാൻ വഴിച്ചിലവിലേക്ക് കരുതിവച്ച മുഴുവൻ തുകയും ചിലവിടേണ്ടിവന്നു. മുമ്പുപറഞ്ഞുറപ്പിച്ച സമയത്തുതന്നെ ആർത്തബാന്റെ കൂട്ടുകാർ യാത്രപുറപ്പെട്ടു. കൂട്ടുകാരോട് ചേർന്ന് ലക്ഷ്യത്തിലെത്തുന്നതിന് കുതിരകളെ വാങ്ങുവാൻ മൂന്നു രത്നങ്ങളിലൊന്നു വിൽക്കേണ്ടിവന്നു. തുടർന്നുള്ള യാത്ര യരുശലേമിലെ വിലാപങ്ങളിലേയ്ക്കായിരുന്നു..*

*(തുടർന്നു വായിക്കുക)*

**ദൃശ്യം : 6**

(രംഗം മങ്ങിയിട്ട് വീണ്ടും തെളിയുന്നു- താഴെ കിടക്കുന്ന കുഞ്ഞിന്റെ ശരീരം സ്വന്തം ശരീരം കൊണ്ടു മറച്ചു ഒരമ്മ ദയക്കായി യാചിക്കുന്നു. ഊരിയ വാളുമായി നിൽക്കുന്ന പടയാളി. ആർത്തബാൻ ഇതെന്താണു സംഭവിക്കുന്നതെന്നറിയാതെ ഇരുവരെയും മാറി മാറി നോക്കുന്നു ഭയചകിതയി നിൽക്കുന്ന ഭൃത്യൻ)



അമ്മ : (പടയാളിയോട്) പൊന്നു യജമാനനേ എന്റെ കുഞ്ഞിനെ കൊല്ലല്ലേ.... ഇവനല്ലാതെ എനിക്കാരുമില്ലല്ലോ...

പടയാളി : സ്ത്രീയെ... മാറിനിൽക്കൂ. നിന്റെ കണ്ണീരു കാണാൻ എനിക്ക് നേരമില്ല. രണ്ടുവയസ്സിനു താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും കൊല്ലുവാൻ ചക്രവർത്തി തിരുമേനിയുടെ കൽപനയാണ്.

അമ്മ : ഈ കുഞ്ഞ് ചക്രവർത്തിയോട് എന്ത് ദ്രോഹം ചെയ്തു...?

പടയാളി : അതൊന്നും എനിക്കറിയില്ല. തിരുമേനി കൽപിക്കുന്നു. ഞങ്ങൾ അനുസരിക്കുന്നു. അത്രതന്നെ.

ആർത്തബാൻ : (മുന്നോട്ടു നീങ്ങി). ഒരു തെറ്റും ചെയ്യാത്ത ഈ കുഞ്ഞിനെ എന്തിനുകൊല്ലണം?

പടയാളി : (രൂക്ഷമായി) നിന്നെയാരാണ് ഇങ്ങോട്ട് വിളിച്ചത്? തെറ്റും ശരിയും തീരുമാനിക്കാൻ നിനക്കെന്തധികാരം?

ആർത്തബാൻ : സ്നേഹിതാ ഞാൻ നിങ്ങളോട് തർക്കിക്കാൻ വന്നതല്ല, ഈ അമ്മയുടെ കരച്ചിൽ കേട്ട് വന്നതാണ്... ഒരൽപം കരുണ...

പടയാളി : കരുണ...? കൊല്ലാനാണ് കൽപന... കൊല്ലാതിരുന്നാൽ അനുസരണക്കേട്... പിന്നെ തറയിൽകിടന്ന് ഉരുളുക എന്റെ തലയായിരിക്കും.

ആർത്തബാൻ : ഈ കിടക്കുന്നത് നിങ്ങളുടെ കുഞ്ഞായിരുന്നെങ്കിലോ...?

പടയാളി : ഒരു പടയാളി ഒരിക്കലും അങ്ങനെയൊന്നും ചിന്തിക്കുകയില്ല, ഉത്തരവുകൾ പാലിക്കുക മാത്രമാണ് അവന്റെ ധർമ്മം.

അമ്മ : ചക്രവർത്തി തിരുമേനിക്ക് ഒരു ജീവൻ മതിയെങ്കിൽ എന്നെ കൊന്നുകൊള്ളൂ.. ആ വാളിന്റെ ദാഹം തീർക്കാൻ എന്റെ കഴുത്തിലേക്ക് വെട്ടിക്കൊള്ളുക.

പടയാളി : ഹേ... സ്ത്രീയേ.... ഇങ്ങനെയൊന്നും പറയുന്നതുകൊണ്ട് കാര്യമില്ല.

അമ്മ : എന്നെ കൊന്നിട്ടേ നിങ്ങൾക്ക് എന്റെ മകനെ തൊടാനാകൂ.

പടയാളി : ഛെ...? ഇതെന്ത് മാരണമാണ്, നിങ്ങളെ കൊല്ലാൻ കൽപ്പനയില്ല. സ്വയം മാറിയില്ലെങ്കിൽ .. എനിക്കത് ചെയ്യേണ്ടി വരും.
ആർത്തബാൻ : ഈ കുഞ്ഞിനെ കൊന്നതുകൊണ്ട് നിങ്ങൾക്ക് എന്ത് ലാഭം ?
പടയാളി : കൊല്ലുന്നത് എന്റെ കർത്തവ്യം-ഉത്തരവ് അനുസരിക്കാനാണ് ഖജനാവിൽ നിന്നും മാസപ്പടി വാങ്ങുന്നത്.... അതല്ല-കൊല്ലാതിരുന്നാൽ എനിക്കെന്ത് ലാഭം ?
അമ്മ : എനിക്കുള്ളതെല്ലാം എടുത്തുകൊള്ളുക.
പടയാളി : ഈ പൊട്ട പാത്രങ്ങളും കീറത്തുണിയുമോ ?
ആർത്തബാൻ : തക്ക പ്രതിഫലം കിട്ടിയാൽ ഈ കുഞ്ഞിനെ കൊല്ലാതിരിക്കുമോ ?
പടയാളി : നക്കാപിച്ചകൾക്ക് വേണ്ടി ഞാൻ എന്റെ കടമ മറക്കുമോ ? എന്റെ ജീവൻ കൊണ്ട് കളിക്കുമോ ?
ആർത്തബാൻ : (രത്നം സൂക്ഷിച്ചിരുന്ന സഞ്ചിയിൽ കൈയ്യിടുന്നു. ഭൃത്യൻ തടയാൻ ശ്രമിക്കുന്നു- അത് വകവയ്ക്കാതെ ഒരു രത്നമെടുത്തുയർത്തികാട്ടിയിട്ട്) ഇതാ നിങ്ങൾ ജീവിതകാലം മുഴുവൻ ജോലി ചെയ്താലും ഇത്തരം ഒന്നും സമ്പാദിക്കാനാവില്ല- അത്ര വിലയുള്ളതാണ്. എനിക്ക് എന്റെ ജീവനെക്കാൾ വിലപ്പെട്ടത്. ഇത് സ്വീകരിച്ച് ആ കുഞ്ഞിനെ വെറുതെവിടുക.



(ഭൃത്യൻ പുറത്തേക്ക് പോകുന്നു-അതൃപ്തിയോടെ)
പടയാളി : (രത്നം വാങ്ങി പരിശോധിച്ച് തൃപ്തനായിട്ട്) ഇത് കണ്ട് മനസിളകിയിട്ടല്ല. ദേ... ഇവളുടെ കരച്ചിൽ-(ആർത്തബാനോട്) നിങ്ങൾ എന്നെ പരീക്ഷിക്കുകയല്ലല്ലോ ?
ആർത്തബാൻ : ഇല്ല സ്നേഹിതാ (തകർന്ന ശബ്ദത്തിൽ) പരീക്ഷിക്കപ്പെട്ടതും പരാജയപ്പെട്ടതും ഞാൻ തന്നെയാണ്.
പടയാളി : ഹേ സ്ത്രീയേ.... ഇദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ചാണ്. ഇവനെ പെൺകുട്ടികളെ പോലെ വേഷം ധരിപ്പിക്കണം ആരു ചോദിച്ചാലും പെൺകുഞ്ഞാണെന്നെ പറയാവൂ.
അമ്മ : യജമാനനേ അപ്രകാരം ചെയ്തോളാം.
പടയാളി : വേഗം ഈ സ്ഥലം വിട്ട് ദൂരെ എവിടെയെങ്കിലും പൊയ്ക്കൊള്ളുക-നസ്രേത്തിലേക്കായാൽ നല്ലത്. വേഗം-വേഗം എന്റെ പിന്നാലെ മറ്റാരെങ്കിലും വന്നുകൂടെന്നില്ല. (പോകുന്നു)
അമ്മ : (കുഞ്ഞിനെ എടുത്ത് ആർത്തബാന്റെ കാൽക്കൽ കിടത്തിയിട്ട് നമിക്കുന്നു)
യജമാനനെ അങ്ങ് ആരെന്ന് ഞാനറിയുന്നില്ല പക്ഷെ, ഇവന്റെ ജീവൻ അവിടുത്തെ ദാനമാണ്.
ഞാൻ എങ്ങനെയാണ് അങ്ങയോട് നന്ദിപറയുക
ആർത്തബാൻ : ദൈവത്തോട് നന്ദി പറയൂ......
അമ്മ : ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ
ആർത്തബാൻ : ഇനിയെന്തനുഗ്രഹം, സാരമില്ല. വേഗം രക്ഷപെട്ടുകൊള്ളുക.
(അമ്മ തിടുക്കത്തിൽ വണങ്ങിയിട്ട് കുഞ്ഞിനെയും കൊണ്ട് പോകുന്നു.)
ആർത്തബാൻ : ആകെ തളർന്ന് അവിടെത്തന്നെയിരിക്കുന്നു. ഒന്നുരണ്ട് നിമിഷം. ഭൃത്യൻ ഓടിക്കിതച്ചെത്തുന്നു.
ഭൃത്യൻ : യജമാനനേ യജമാനനേ (കിതക്കുന്നു)
(ആർത്തബാൻ തലയുയർത്തി നോക്കുന്നതല്ലാതെ ഒന്നും ചോദിക്കുന്നില്ല.)
ഭൃത്യൻ : യജമാനെ നമ്മുടെ കുതിരകളെ കാണ്മാനില്ല, ഞാൻ എവിടെയെല്ലാം നോക്കി.
ആർത്തബാൻ : (നിർവ്വികാരനായി) സ്വന്തം കുഞ്ഞുമായി രക്ഷപെടുവാൻ ആരെങ്കിലും അഴിച്ചുകൊണ്ട് പോയിട്ടുണ്ടാകും.
ഭൃത്യൻ : അയ്യോ ഇനി നമ്മൾ എന്തുചെയ്യും?
ആർത്തബാൻ : (നിരാശയോടെ) ആർക്കെങ്കിലും അതുപകരിക്കട്ടെ... നാം ഇനി എവിടെ പോകാൻ?
ഭൃത്യൻ : യജമാനനെ അങ്ങ് നിരാശനാകരുത്. കുതിരപോയാലെന്ത് നാം ലക്ഷ്യത്തിനടുത്തെത്തിയില്ലേ. അവശേഷിക്കുന്ന രത്നം ആ കാൽക്കൽ വച്ച് നമസ്കരിക്കാം.
ആർത്തബാൻ : പക്ഷെ എവിടെ ?
ഭൃത്യൻ : പരിഭ്രമത്തിൽ ഞാൻ പറയാൻ വിട്ടുപോയി. അവർ ആ കുഞ്ഞിനെ വാളിൽ നിന്നും രക്ഷിക്കാനായി നസ്രേത്തിലേക്ക് ഓടിപ്പോയി എന്നാണ് കേട്ടത്.
ആർത്തബാൻ : നസ്രേത്തിലെങ്ങനെ എത്തും (ആകെ തളർന്നിരിക്കുന്നു)
ഭൃത്യൻ : അങ്ങ് പ്രതീക്ഷ കൈവിടല്ലേ... നമുക്ക് നസ്രേത്തിലേക്ക് പോകാം.
ശോ... കുതിരയെ നഷ്ടമായല്ലോ..?
ആർത്തബാൻ : അത് സാരമില്ല നമുക്ക് നടന്നുപോകാം. (കൈവശമുള്ള രത്നസഞ്ചി ഉയർത്തിക്കാട്ടി) ഇനി ഇത് മാത്രമേ ബാക്കിയുള്ളൂ ഇതെങ്കിലും ആ കാൽപാദങ്ങളിലർപ്പിച്ചിട്ട് എനിക്ക് രക്ഷകനെ വണങ്ങണം.
ഭൃത്യൻ : യാത്ര അതികഠിനമായിരിക്കും....എങ്കിലും പോകാം.
അവർ പുറത്തേക്ക് പോകുന്നു.
പ്രകാശം മങ്ങുന്നു.

## അനുമോദനങ്ങൾ




അടൂർ മർത്തോമ്മാ ഗുരുകുലം വിദ്യാർത്ഥികളായ ശ്രീ. ആൽബിൻ ഫിലിപ്പ് തോമസ്സും (പുത്തൻകാവ് മതിലകം ആരോഹണം മർത്തോമ്മാ ഇടവാകാംഗങ്ങളായ ശ്രീ. ചെറിയാൻ തോമസ്സിന്റേയും ശ്രീമതി ആലീസ് തോമസ്സിന്റേയും മകനാണ്), ശ്രീ. ജോയൽ ജോർജ്ജ് (ചേലക്കൊമ്പ് സെന്റ് ജോൺസ് മർത്തോമ്മാ ഇടവകാംഗങ്ങളായ ശ്രീ ജോർജ്ജ് വർഗ്ഗീസിന്റെയും ശ്രീമതി സൂസമ്മാ ജോർജ്ജിന്റെയും മകനാണ്) പത്തനംതിട്ട ജില്ലാ സ്കൂൾ യൂത്ത് പാർലമെന്റ് മൽസരത്തിൽ ഒന്നാം സ്ഥാനം നേടുകയും സംസ്ഥാന മൽസരത്തിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു.

**റവ. ഐസക്ക് മാത്യൂ**
മാനേജർ

## മർത്തോമ്മാ ഗുരുകുലം അടൂർ

"പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി സമർപ്പിച്ചവർക്ക് താമസിച്ച് പഠിക്കുവാനൊരു അവസരം"

ഈ വർഷം **VIII**-ാം ക്ലാസ്സിലേക്ക് പ്രവേശിച്ചവരും പഠിക്കുവാൻ സമർത്ഥരുമായ കുട്ടികളിൽ നിന്ന് മർത്തോമ്മാ ഗുരുകുലത്തിൽ താമസിച്ച് പഠിക്കുവാനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്കൂൾ പഠനത്തോടൊപ്പം വേദപുസ്തക പഠനം, സഭാ, വിശ്വാസ പഠനം, ചിട്ടയായ ജീവിതം എന്നിവയും ശ്രദ്ധിക്കുന്നു. ഇതിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ മാസം 25 - ാം തീയതിക്കു മുമ്പ് താഴെപ്പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

Rev. Isaac Mathew
Mar Thoma Gurukulam
Hermon Aramana
Adoor - 691 523
Ph. : 9562626010

## സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന കളരി

അടൂർ ഭദ്രാസന സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി 2012 ഫെബ്രുവരി 20 തിങ്കളാഴ്ച പരിശീലന കളരി സംഘടിപ്പിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. 300ൽ അധികം അദ്ധ്യാപകർ പങ്കെടുത്ത പരിശീലന പരിപാടിയിൽ സമാജം ജനറൽ സെക്രട്ടറി റവ.നൈനു ചാണ്ടി, റവ. അലക്സാണ്ടർ തോമസ്, റവ. കെ.റ്റി. ഏബ്രഹാം, റവ. വി.ജെ. മാത്യൂ, ശ്രീ. റെജി ഒ.എം.ചാക്കോ എന്നിവർ നേതൃത്വം നൽകി.

**ഒ.കുഞ്ഞുകുഞ്ഞുകുട്ടി**
(ഭദ്രാസന സണ്ടേസ്കൂൾ സെക്രട്ടറി)

## ക്രിസ്തുമസ് ആഘോഷം

പള്ളിപ്പാട് ദീപ്തി ബാലികാ ഭവനിലെ ക്രിസ്തുമസ് കരോൾ സർവ്വീസ് 2011 ഡിസംബർ 12 തിങ്കളാഴ്ച 6.30ന് നടന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി മുഖ്യ സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി റവ.അലക്സാണ്ടർ തോമസ്, റവ. സിബു പള്ളിച്ചിറ, റവ.ലാൽ ചെറിയാൻ, സെന്ററിലെ പട്ടക്കാർ എന്നിവർ സംബന്ധിച്ചു. ബാലികാ ഭവൻ ഗായക സംഘവും പള്ളിപ്പാട് സെന്റ് തോമസ് ഇടവക ഗായകസംഘവും ഗാനങ്ങൾ ആലപിച്ചു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**റവ.റോയി മാത്യൂ** (സൂപ്രണ്ട്)

## ഭദ്രാസന വൈദിക കൂട്ടായ്മ

അടൂർ ഭദ്രാസനത്തിലെ വൈദികരുടെ കൂട്ടായ്മയും ഏവൻഗേലിയോൻ പഠനവും 2012 ഏപ്രിൽ 10 ചൊവ്വാഴ്ച രാവിലെ 8 മണി മുതൽ അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് അഭിവന്ദ്യ ഭദ്രാസന എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന വൈദികർക്കുള്ള അനുമോദനവും ഭദ്രാസനത്തിൽ നിന്നും സ്ഥലംമാറി പോകുന്ന വൈദികർ ക്കുള്ള യാത്രയയപ്പും അന്നേദിവസം ഉണ്ടായിരി ക്കുന്നതാണ്.

**റവ. ഷോജി വർഗ്ഗീസ്** (കൺവീനർ)

## അനുമോദനം

മണ്ണടി മാർത്തോമ്മ ഇടവകയിൽ 60 വർഷം ശുശ്രൂഷകനായിരുന്ന ശ്രീ. പി.സി. ഡാനിയേലിന് വലിയ മെത്രാപ്പോലീത്താ തിരുമേനി പൊന്നാട അണിയിച്ച് ആദരിച്ചു. 75 വയസ്സിനു മുകളിൽ പ്രായമുള്ള ഇടവകാംഗങ്ങളേയും ഇടവക പൊന്നാട നൽകി ആദരിച്ചു.

**റവ. ജോൺസൺ ശാമുവേൽ**

(വികാരി)

## വരനെ ആവശ്യമുണ്ട്

ബൽഗാമിൽ നഴ്സായി (B.Sc)
ജോലി ചെയ്യുന്ന 23 വയസ്സുള്ള
മാർത്തോമ്മാ യുവതി, 164 cm.
അനുയോജ്യമായ
വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9745726521

മാർത്തോമ്മ സഭാംഗങ്ങളുടെ
വൈവാഹിക പരസ്യം
സൗജന്യമായി വികാരിയുടെ
സാക്ഷ്യപ്പെടുത്തലോടു
കൂടി എഡിറ്ററുടെ വിലാസത്തിൽ
അയക്കാവുന്നതാണ്.

## ഇടവക ദിനാഘോഷം

കൂടൽ ബഥേൽ മാർത്തോമ്മാ ഇടവകയുടെ 86–ാം ഇടവകദിനത്തോടനുബന്ധിച്ച് വേദപുസ്തക വിതരണം, വൃക്ഷതൈ വിതരണം, സാമൂഹ്യ പ്രവർത്തനങ്ങൾ എന്നിവ നടത്തി. സത്യവാടി മിഷനിലെ ഒരാൾക്ക് 25000 രൂപ വിവാഹ സഹായമായി നൽകി. **അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ** അദ്ധ്യക്ഷനായിരുന്നു. സത്യവാടി സുവിശേഷകൻ ശ്രീ. ലിജു രാജു താമരക്കുടി, സത്യവാടി മിഷനിലെ വിശ്വാസികൾ എന്നിവരും പങ്കെടുത്തു.

**റവ. സ്കറിയ തോമസ്** (വികാരി)

## പ്രവർത്തനോദ്ഘാടനം

മാത്ര ഇമ്മാനുവേൽ മാർത്തോമ്മ യുവജനസംഖ്യം പ്രവർത്തനോദ്ഘാടനം റവ.ഡോ. കെ.റ്റി.ജോയി നിർവ്വഹിച്ചു. റവ.എ.ധർമ്മിഷ്ഠ പണിക്കർ അദ്ധ്യക്ഷനായിരുന്നു. ശ്രീ. ജോബിൻ ജോർജ്ജ്, കുമാരി സിനി സൂസൻ മാത്യൂ എന്നിവർ പ്രസംഗിച്ചു.

**റവ.എ.ധർമ്മിഷ്ഠ പണിക്കർ** (വികാരി)

## ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാർ

ചെറിയമഠത്തിൽ വലിയ യാക്കോബ് കത്തനാർ മലങ്കര സഭയിലെ പരിഷ്കർത്താവായി വിളങ്ങിയ വൈദികനാണ്. പെൺകുട്ടികളുടെ കാതുതുളച്ച് വളർത്തുക എന്നത് അക്കാലത്തെ ഒരു അവശ്യകർമ്മമായി കരുതി ഒരു ആചാരമായി നടത്തിപ്പോന്നു. സുറിയാനി സമുദായത്തിൽപ്പെടുന്ന അനേകം ഗൃഹങ്ങളിൽ ദിവസവും രാവിലെ ഒന്നോ അധികമോ പെൺകുട്ടികൾ വ്രണപ്പെട്ട കാതുകളിൽ ഒട്ടിച്ചേർന്നുപോയ മുടിയെ വേറാക്കി എടുത്തും, കാതുകളിൽ കൊരുടുകൾ കടത്തിയും സങ്കടപ്പെട്ടു. അവരൊഴുക്കിയ കണ്ണീർ പല വണ്ടികളിൽ കയറാൻ മതിയാകുമെന്ന് കണ്ട വൈദികൻ ഇതിനൊരറുതി വരുത്താൻ തുനിഞ്ഞ് തന്റെ മകളുടെ കാതു തുളക്കൽ ആചാരം വേണ്ടെന്നു വച്ചു. അതൊരു തുടക്കവുമായി. (മാളിയേക്കലായ കൈതയിൽ പടിഞ്ഞാറേകൂട്ടുകുടുംബ ചരിതം, 1986 P.338)

**അയാമിൻ യു**




ക്രൈസ്തവ സഭ അമ്പതുനോമ്പിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായിട്ടാണ് കേരളത്തിലെ സഖാക്കൾ ക്രിസ്തുവിനെകണ്ടെത്തിയതും കേരള ക്രൈസ്തവ സഭയിലെ പലരും അസഹിഷ്ണുക്കളായി സുവിശേഷപ്രസംഗം നടത്തിയതും. ആരാണ് ക്രിസ്തുവിനെ കണ്ടെത്തിയതെന്നും ഇപ്പോൾ ക്രിസ്തുവിന്റെ ഉടമസ്ഥാവകാശം ആർക്കെന്നുമായിരുന്നു ചർച്ചകൾ. ക്രിസ്തു വിമോചകനാണന്നു കേട്ട് സഭയെന്തിനാണ് കലിതുള്ളിയത്?. തങ്ങളുടെ പ്രസംഗ വിഷയം മറെറാരാൾ കൈക്കലാക്കിയെന്നതുകൊണ്ടാണോ. തൊട്ടുപുറകിനെത്തി തിരുവത്താഴ ചിത്രം. ചിത്രം കണ്ട് സഭയുടെ കരളു പിളർന്നുവെന്നതാണ് വിഷയം. ഡാവിഞ്ചിയുടെ വരകളിൽ ക്രിസ്തുവിരുന്നിടത്ത് ഒബാമയിരുന്നുവെന്നതായിരുന്നു കാരണം. അതിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് വാചാലരായവർ ഏതോ വികലകലാകാരന്റെ ഭാവനക്കു പുറകിലലയുന്നതിനു പകരം അതിലെ വൈരുധ്യം ലോകത്തോട് പറയാൻ മെനക്കെട്ടില്ല. വികല സൃഷ്ടിയുടെ അടിക്കുറിപ്പ് 'സാമ്രാജ്യത്തിന്റെ അന്ത്യ അത്താഴ'മായിരുന്നുവെങ്കിൽ അത് ശുദ്ധാബദ്ധമാണന്നു പറയേണ്ടിയിരുന്നത് ആരാണ്? മിശിഹായുടെ അന്ത്യ അത്താഴം ആ നിലയിൽ തന്നെ ഒന്നിന്റേയും അവസാനമായിരുന്നില്ല. പകരം അതിമഹത്തായ ഒരു അനുഷ്ഠാനത്തിന്റേയും പാരമ്പര്യത്തിന്റേയും അനുഭവമാക്കലും ആരംഭവുമായിരുന്നു. പാർട്ടി സമ്മേളനത്തെ വാർത്തകളിൽ സജീവമാക്കി നിർത്താനുള്ള പാർട്ടി ശ്രമങ്ങളും വിവാദങ്ങളിലൂടെ മാധ്യമലോകത്തെ സജീവമാക്കുന്ന മാധ്യമതന്ത്രവും കൈകോർത്ത് നിന്നതിലേക്ക് സഭ ചെന്നു ചാടുകയായിരുന്നില്ലേ?. എന്നിട്ടോ നസ്റേത്ത്പ്രഖ്യാപനം നടത്തി ചരിത്രത്തിലേക്ക് രംഗപ്രവേശനം ചെയ്ത് വിമോചകനായ യേശുവിനെഒരു പാർട്ടിക്കും പരിമിതപ്പെടുത്തിവെക്കാനാകില്ലന്ന സനാതന സത്യം വേണ്ടും വിധം വിളിച്ചു പറയാനായുമില്ല. ഇവിടെ മാർത്തോമാ മെത്രാപ്പൊലീത്തായുടെ വാക്കുകൾ ശ്രദ്ദേയമായിട്ടുണ്ട്, 'ക്രിസ്തുവിനെ അധിക്ഷേപിക്കുന്ന പല പ്രസ്ഥാനങ്ങളും തലമുറ തലമുറയായി ഉദയം ചെയ്തിട്ടുണ്ട്. കുറെനാൾ അത് വികസിച്ചുനിന്ന ശേഷം വയലിലെ പുഷ്പംപോലെ, ഒരു മനുഷ്യായുസ്സിന്റെ അത്രപോലും നിലനിൽക്കാതെ അവസാനിച്ചു പോകും. എന്നാൽ ഇത്തരം പ്രസ്ഥാനങ്ങളെപ്പോലും സ്നേഹിക്കുന്നതിലൂടെ ക്രിസ്തു ലോകത്തെ കീഴടക്കുന്നു.' ക്രിസ്തുവിനെ പരിമിതപ്പെടുത്താൻ കലയുടെ പേരിൽ തന്നെ പല ശ്രമങ്ങളുമുണ്ടായിട്ടുണ്ട്. ഡാവിഞ്ചി കോഡ് പോലെ പുറപ്പെട്ടു വന്ന വിവാദങ്ങൾക്കൊന്നും തന്നെ അധികം ആയുസ്സുണ്ടായതുമില്ല. അവയുടെ കഥയും കഴിഞ്ഞു. അങ്ങനെയിരിക്കെയാണ്, പാർട്ടികോൺഗ്രസ് ചരിത്ര പ്രദർശനത്തിൽ ഉദയംപേരൂർ സുന്നഹദോസും കൂനൻ കുരിശു സത്യവും വിപ്ലവ സംഭവങ്ങളായി ഇടം പിടിച്ചിരിക്കുന്നത്. കാരാട്ട് സഖാവിനെകർത്താവിനോടുപമിച്ചവർ മതപരമായ അടിച്ചേൽപ്പിക്കലുകൾക്കെതിരേ ഉയർന്ന കലാപമായി ഉദയം പേരൂർ സുന്നഹദോസിനെവിശേഷിപ്പിക്കുന്നു. എന്താണ് സത്യം? പിറവം തെരെഞ്ഞെടുപ്പ് നടക്കുംവരെ ക്രിസ്തുവും മൽപാന്മാരും പോസ്റ്ററുകളിൽ നിറയുമ്പോൾ സത്യം പറയേണ്ടുന്നവർ മിണ്ടാതിരുന്നാൽ പിന്നെ ആരു സത്യം പറയും? ആരു പറയുന്നതും ഇന്നത്തെ സത്യമായി അവതരിപ്പിക്കപ്പെടുന്ന ഇക്കാലത്ത് യഥാർഥ സത്യം എങ്ങനെപുറത്തെത്തും?

പഴയകാല റഷ്യൻ ക്രൈസ്തവ സഭയിൽ പണ്ട് 'സഖാവ് മെത്രാന്മാരു'ണ്ടായിരുന്നത്രേ. അവർ തങ്ങളുടെ ചെങ്കുപ്പായത്തിൽ പാർട്ടി അടയാളം കൂടിയും രേഖപ്പെടുത്തിയിരുന്നത്രേ. ഇന്നും അങ്ങനെയൊക്കെയാകാം. രാഷ്ട്രീയ പാർട്ടികൾ എന്നു കേട്ടാൽ കാടടച്ചു വെടിവക്കുന്നവരും മേലദ്ധ്യക്ഷസ്ഥാനത്തുണ്ടെന്നും മാധ്യമ റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ കപടാത്മീയത്ക്കു മുമ്പിൽ യൂഹാന്നോൻ മാർത്തോമായുടെ പിൻതലമുറക്കാർക്ക് ഒരു മാതൃകയാകാൻ കഴിഞ്ഞെങ്കിൽ...?!